# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 12, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--343]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 3446 മുതൽ 3545 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 3546 മുതൽ 3654 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 3655 മുതൽ 3713 വരെ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 3714 മുതൽ 3764 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 3765 മുതൽ 3788 വരെ |

**നന്നമ്പ്ര പഞ്ചായത്തിലെ മോര്യകാപ്പ് കാർഷിക പദ്ധതി**

3446 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യകാപ്പ് കാർഷിക പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ഈ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഈ പ്രദേശത്ത് ഹെക്ടർ കണക്കിന് നെൽകൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷി നാശം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മോര്യകാപ്പ് കാർഷിക പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

**ഷൊർണ്ണൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവനുകൾ**

3447 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ ഏതൊക്കെ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളായി ഉയർത്താൻ തെരെഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## തോട്ടവിള, ഫലവർഗ്ഗ, ഔഷധ സസ്യ കൃഷികളുടെ വിവരം

3448 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ 2024 വരെ സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമിയിൽ നെല്ല്, പച്ചക്കറി ഉൾപ്പെടെയുള്ള കൃഷിയിറക്കിയിട്ടുണ്ടെന്ന് ജില്ല, വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിലെ തോട്ടവിള, ഫലവർഗ്ഗ, ഔഷധ സസ്യ കൃഷികളുടെ ജില്ല, വർഷം തിരിച്ചുള്ള ഹെക്ടർ കണക്ക് വിശദമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ കാർഷിക മേഖലയിൽ ഉണ്ടായ കൃഷി നാശത്തിന്റെയും കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെയും കണക്ക് ലഭ്യമാക്കുമോ?

## കാർഷിക മേഖലയിലെ പദ്ധതികൾ

3449 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലേക്ക് യുവതീയുവാക്കളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

## തിരുവനന്തപുരം ജില്ലയിൽ കൃഷിഭവനുകൾ മുഖേന നടീൽ വസ്തുക്കളുടെ വിതരണം

3450 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ കൃഷി ഭവനുകൾ വഴി നടീൽ വസ്തുക്കൾ, കാർഷികോല്പാദന ഉപാധികൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ കൃഷിഭവനുകൾ മുഖേന ഇത്തരം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇപ്രകാരം നടീൽ വസ്തുക്കളുടെ സംഭരണം നടത്താൻ ചുമതലപ്പെടുത്തിയ ഏജൻസികൾ ഏതൊക്കെയെന്നും ഇവയെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം തെരഞ്ഞെടുത്ത ഏജൻസികൾ സംഭരണവും വിതരണവും നടത്തിയിരുന്നോ; വിശദമാക്കുമോ;

(സി) കർഷകരിൽ നിന്ന് നടീൽ വസ്തുക്കൾ ശേഖരിച്ചതിനുള്ള തുക വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം എത്ര തുക കർഷകർക്ക് നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

## കോന്നി മെഡിക്കൽ കോളേജിന് സമീപമുള്ള കൃഷി വകുപ്പിന്റെ ഭൂമി

3451 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ കോന്നി മെഡിക്കൽ കോളേജിന് സമീപമുള്ള ഭൂമിയിൽ നിലവിൽ ഏതെങ്കിലും തരത്തിലുള്ള വിളകൾ കൃഷി ചെയ്യുന്നുണ്ടോ; കൃഷി വകുപ്പിന്റെ കൈവശം കോന്നി മെഡിക്കൽ കോളേജിനോട് ചേർന്ന് എത്ര ഏക്കർ ഭൂമിയുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

## കാർഷികരംഗം സ്വയംപര്യാപ്തതമാക്കാൻ നടപടി

3452 **ശ്രീ തോമസ് കെ തോമസ്**

**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികരംഗം സ്വയംപര്യാപ്തമാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തരിശുനിലങ്ങളിൽ ഉൾപ്പെടെ കൃഷി വ്യാപകമാക്കുന്നതിനും കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് വിവിധ സബ്സിഡികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് കേന്ദ്രസർക്കാർ ലഭ്യമാക്കുന്ന സാമ്പത്തിക സഹായങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കാർഷിക മേഖലയിൽ തൊഴിലുറപ്പ് പ്രവൃത്തികൾ ഉൾപ്പെടുത്താൻ നടപടി

3453 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക മേഖലയ്ക്ക് അത്യന്താപേക്ഷിതമായതിനാൽ തൊഴിലുറപ്പ് മേഖലയെ കൂടി ഉൾപ്പെടുത്തി ജലസംഭരണികളും ജലനിർഗമന മാർഗ്ഗങ്ങളും ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കാർഷിക കടാശ്വാസ കമ്മീഷൻ

3454 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷൻ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാർഷിക മേഖലയിലെ വളർച്ചാനിരക്ക്

3455 **ശ്രീ. പി. നന്ദകുമാർ**

**ശ്രീ . കെ .ഡി .പ്രസേനൻ**

**ശ്രീ. എച്ച്. സലാം**

**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കാർഷികമേഖലയിൽ മെച്ചപ്പെട്ട വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) കാർഷികമേഖലയിൽ കൂടുതൽ അടിസ്ഥാനസൗകര്യ വികസനം സാധ്യമാക്കുന്നതിനായി സ്വീകരിച്ചു വരുന്ന നപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഇതിലൂടെ കാർഷികോല്പാദന മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് സാധ്യമായത്; വിശദമാക്കുമോ?

## <u>വിവിധ കൃഷികളുടെ വിസ്തൃതി കണക്ക്</u>

3456 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019-20 ൽ എത്ര ഹെക്ടർ നെൽകൃഷി, പച്ചക്കറി കൃഷി, തോട്ടവിള കൃഷി, ഫലവർഗ്ഗകൃഷി എന്നിവ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ; പ്രസ്തുത കൃഷികൾ നിലവിൽ എത്ര ഹെക്ടർ വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ?

## <u>കാർഷികമേഖലയ്ക്ക് ഉണർവ്വ് നൽകാൻ പദ്ധതികൾ</u>

3457 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ച നേരിടുന്ന കാർഷിക മേഖലയ്ക്ക് ഉണർവ്വ് നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടാനായി ഏതു വിധത്തിലുള്ള ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ</u>

3458 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ വഴിയും വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## നവോഥൻ പദ്ധതി

3459 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷികയോഗ്യമായ എന്നാൽ വിവിധ കാരണങ്ങളാൽ തരിശ് കിടക്കുന്ന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഭൂമി കണ്ടെത്തി അവിടെ അനുയോജ്യമായ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന നവോഥൻ പദ്ധതിയിലേക്ക് എത്ര കർഷകരും ഭൂവുടമകളും നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ഓപ്പൺ ഫീൽഡ് പ്രിസിഷൻ ഫാർമിംഗ് സാങ്കേതിക സമ്പ്രദായത്തിലൂടെ എത്ര തരിശ് സ്ഥലം കൃഷിയോഗ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## കോട്ടയം ജില്ലയിലെ നബാർഡ് സ്കീം വഴിയുള്ള കൃഷി വകുപ്പ് പ്രവൃത്തികൾ

3460 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോട്ടയം ജില്ലയിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും, അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വർദ്ധിപ്പിക്കാൻ നടപടി

3461 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വർദ്ധിപ്പിക്കുന്നതിനും അവരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കൃഷിയിൽ തൽപ്പരരായ വിദ്യാർത്ഥികൾക്ക് കൃഷി ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

## പൊലിമ പുതുക്കാട് പദ്ധതി

3462 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ നാൽപ്പതിനായിരത്തോളം വനിതകളെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി കൃഷി, തദ്ദേശം, സഹകരണ വകുപ്പുകളുടെ സഹകരണത്തോടെ കൃഷിയിലേർപ്പെടുത്തുന്നതിന് 'പൊലിമ പുതുക്കാട്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനും വിപുലീകരണത്തിനുമായി കൃഷിവകുപ്പ് പ്രത്യേകം ഫണ്ടും അനുബന്ധ പദ്ധതികളും അനുവദിക്കുന്നതിന് നടപടി

സ്വീകരിക്കുമോ;

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ കാർഷികസംസ്കാരവും കൃഷിയോട് ആഭിമുഖ്യവും വളർത്തുന്നതിന് സഹായകരമായ രീതിയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

## നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കാർഷിക പ്രവൃത്തികൾ

3463 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വലിയ കാർഷിക പ്രവൃത്തികൾ ഏതൊക്കെയെന്നും എവിടെയാണ് നടപ്പിലാക്കിയതെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തി 2016 മുതൽ 2025 വരെ എത്ര സ്ഥലം കൃഷിക്ക് അനുയോജ്യമാക്കിയെന്നുള്ള വിവരം സ്ഥലം തിരിച്ച് ലഭ്യമാക്കാമോ?

## പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനം

3464 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നത് ലക്ഷ്യമിട്ട് ആരംഭിച്ച പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായെന്ന് വിശദമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ കൃഷിവകുപ്പ് പദ്ധതികൾ

3465 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ നബാർഡ് വഴിയുള്ള നീർത്തട സംരക്ഷണ പ്രവൃത്തികൾ

3466 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം കുളങ്ങളുടെയും നീർത്തടങ്ങളുടെയും സംരക്ഷണ പ്രവൃത്തികളാണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ളതെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; ഓരോന്നിന്റെയും പ്രവൃത്തി വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കണ്ണൂർ ജില്ലയിലെ കൂൺ ഗ്രാമം പദ്ധതി

3467 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന 'ക്ലൺ ഗ്രാമം' പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ നിന്നും ഏതൊക്കെ ഗ്രാമപ്പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതി വഴി എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വ്യക്തമാക്കുമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തൃശ്ശൂർ ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ

3468 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ തൃശ്ശൂർ ജില്ലയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) നബാർഡ് ധനസഹായത്തോടെ മണലൂർ മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ പുരോഗമിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ കാർഷിക പദ്ധതികൾ

3469 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) മണ്ഡലത്തിലെ കാർഷിക മേഖലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ഏതെങ്കിലും പദ്ധതി പുരോഗമിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കൃഷി സമൃദ്ധി പദ്ധതി

3470 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശ് ഭൂമികളിൽ കൃഷി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന സമഗ്രകൃഷി കർമ്മ പദ്ധതിയായ കൃഷി സമൃദ്ധി യിലൂടെ അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

3471 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ന് ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എവിടെയൊക്കെ കേരഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ട്; പദ്ധതിയുടെ വിശദാംശം നൽകുമോ?

**<u>പോഷക സമൃദ്ധി മിഷൻ</u>**

3472 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ പോഷക സമൃദ്ധി മിഷനിൽ പങ്കാളികളായിട്ടുള്ള കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>കുണ്ടറ മണ്ഡലത്തിലെ കാർഷിക പദ്ധതികൾ</u>**

3473 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൃഷിഭവനുകളിൽ അനുവദിച്ചിട്ടുള്ള കാർഷിക പദ്ധതികൾ ഏതൊക്കെയെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നുമുള്ള വിവരം ഗ്രാമപ്പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**<u>കുട്ടനാടൻ കാർഷിക മേഖലയിലെ പുതിയ പദ്ധതികൾ</u>**

3474 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ കാർഷിക മേഖലയ്ക്ക് പുതിയ ഉണർവ് പകരുവാൻ ഈ സർക്കാർ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ കാർഷിക പദ്ധതികളുടെ സബ്സിഡികൾ യഥാസമയം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

**<u>കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>**

3475 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും പ്രസ്തുത ഇനത്തിൽ 2020-21 മുതൽ സംസ്ഥാനത്തിന് ലഭിച്ച ധനസഹായങ്ങളും വ്യക്തമാക്കാമോ?

**<u>സമഗ്ര പച്ചക്കറി വികസനം</u>**

3476 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പച്ചക്കറി വികസനം ലക്ഷ്യമാക്കി 2025-2026 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ സവിശേഷതകൾ വിശദീകരിക്കാമോ; ഇതിനായി

എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ നടപ്പാക്കുന്നതെന്നും വിശദീകരിക്കാമോ?

**കാർഷിക മേഖലയിലെ പുതിയ പദ്ധതികൾ**

3477 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കൃഷി വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്നും എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്; അതിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വർഷങ്ങളിൽ പ്ലാൻ ഫണ്ടിന്റെ എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വർഷങ്ങളിൽ കർഷകർക്ക് എത്ര രൂപയുടെ കൃഷി നഷ്ടം ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) കൃഷിനാശം സംഭവിച്ച എല്ലാ കർഷകർക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

**കൃഷി വകുപ്പ് പദ്ധതികളുടെ മുൻഗണനാടിസ്ഥാനത്തിലുള്ള പുനക്രമീകരണം**

3478 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറയ്ക്കാനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് കൃഷി വകുപ്പിലെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനക്രമീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് വടക്കാഞ്ചേരിയിൽ നടപ്പാക്കിയ പദ്ധതികൾ**

3479 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് നബാർഡ് വടക്കാഞ്ചേരി മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും ചെലവാക്കിയ തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം വരുംവർഷങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് പദ്ധതി**

3480 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം-പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി കാർഷിക വിളകൾക്ക് 'കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്'' എന്ന പേരിൽ അടിസ്ഥാന വില നിശ്ചയിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയിൽ കൂടുതൽ നാടൻ കാർഷിക വിളകൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## നെൽകൃഷി പ്രോൽസാഹിപ്പിക്കാൻ ലോകബാങ്ക് വായ്പ

3481 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോൽസാഹിപ്പിക്കാൻ ലോകബാങ്കിൽ നിന്ന് വായ്പ തേടിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ വായ്പയാണ് തേടിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വായ്പ തുക പൂർണ്ണമായും നെൽകൃഷിക്ക് തന്നെയാണോ വിനിയോഗിക്കുന്നതെന്ന് വിശദീകരിക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ നെൽകൃഷി

3482 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ വിവിധ ഗ്രാമപ്പഞ്ചായത്തുകളിലായി നിലവിൽ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നുണ്ട്; വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ നെൽകൃഷിക്ക് യോഗ്യമായ ഭൂമി തരിശായി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിൽ നെൽകൃഷി മെച്ചപ്പെടുത്തുന്നതിനായി കൃഷിഭവനുകൾ മുഖേന സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## റാംസർ സൈറ്റ് സംരക്ഷണം

3483 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം;വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ആകെ നെൽപ്പാടങ്ങളുടെ വിസ്തൃതി എത്ര; കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഇതിൽ കുറവുണ്ടായിട്ടുണ്ടോ; നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര റാംസർ സൈറ്റുകളുണ്ട്; കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ റാംസർ സൈറ്റുകൾ നികത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം; റാംസർ സൈറ്റ്

സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

**കാർഷിക-ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി**

3484 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) വിത്ത്, വളം, സാങ്കേതിക സഹായങ്ങൾ, വായ്പ എന്നിവ യഥാസമയം ലഭിക്കാത്തതുകൊണ്ടും തൊഴിലാളികളുടെ സേവനം ആവശ്യാനുസരണം ലഭ്യമാകാത്തതിനാലും നെൽകർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) സമഗ്ര കാർഷിക വികസനത്തിനും വളർച്ചയ്ക്കും സഹായകരമായ സാങ്കേതിക, വിദഗ്ദ്ധ ഉപദേശങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ കാർഷിക ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കുഴുപ്പിള്ളി ഐക്യസമാജം പാടശേഖരത്തിലെ പ്രവൃത്തി**

3485 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ 2.07 കോടി രൂപ അനുവദിച്ചിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഐക്യസമാജം പാടശേഖരത്ത് പമ്പുസെറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**നെൽകൃഷി ഇല്ലാത്ത പാടശേഖരങ്ങളുടെ വിവരം**

3486 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ നെൽകൃഷി ഇല്ലാത്ത പാടശേഖരങ്ങളുടെ വിശദവിവരം തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) നെൽകൃഷി ഇല്ലാത്ത പാടശേഖരങ്ങളിൽ കൃഷി നടത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) പ്രസ്തുത പാടശേഖരങ്ങളിൽ കൃഷി നടത്തുവാൻ സന്നദ്ധരായിട്ടുള്ള പാടശേഖര സമിതികൾക്ക് അനുവാദം നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

**നെൽകർഷകരെ സഹായിക്കുന്നതിന് നടപടി**

3487 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## നെൽകൃഷി മേഖലയിലെ യന്ത്രവൽക്കരണം

3488 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നെൽകർഷകരെ സഹായിക്കുന്നതിനായി പഞ്ചായത്തുകൾ തോറും നടീൽ, കൊയ്ത്ത് ഉൾപ്പെടെയുള്ള കാർഷികവൃത്തികൾ യന്ത്രവൽക്കരണത്തോടെ ചെയ്യുന്നതിനുള്ള സംവിധാനവും സഹായവും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) നെൽകൃഷി മേഖലയിൽ വ്യാപകമായ തോതിൽ തൊഴിലാളികൾ കുറവായതിനാൽ ഈ മേഖലയ്ക്ക് ഗുണപ്രദമാകുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

## നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

3489 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ എത്ര ടൺ നെല്ലുല്പാദിപ്പിച്ചു എന്നത് സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നിലവിലെ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര രൂപ ചെലവഴിക്കുകയുണ്ടായെന്ന് വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

## ആലത്തൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

3490 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലാണ് ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്തതെന്നും അവിടെയൊക്കെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

## അരൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

3491 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) അരൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് തുടർന്ന് വരുന്ന വർഷങ്ങളിൽ എന്തെല്ലാം ആനുകൂല്യങ്ങൾ/പദ്ധതികളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

## കയ്പമംഗലം മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

3492 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പിലാക്കാത്തതെന്നും പ്രസ്തുത സ്ഥാപനങ്ങളിൽ കൂടി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

3493 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും പദ്ധതിക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദ വിവരം നൽകുമോ?

## പാലാ മണ്ഡലത്തിലെ റബ്ബർ കൃഷി പ്രോത്സാഹന പദ്ധതികൾ

3494 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ റബ്ബർ കൃഷി പ്രോത്സാഹനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് റബ്ബർ കൃഷി പ്രോത്സാഹനത്തിന് നിലവിൽ കർഷകർക്ക് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) റബ്ബർ കൃഷി ചെയ്യുന്നതിന് കർഷകർക്ക് വസ്തു വാങ്ങുവാൻ നിലിവിൽ വായ്പയും സബ്സിഡിയും നൽകുന്നുണ്ടോ; വിശദമാക്കാമോ?

## <u>മണലൂർ മണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം</u>

3495 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ പ്രകൃതി ക്ഷോഭങ്ങളിൽ കൃഷി നാശം സംഭവിച്ച എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിള ഇൻഷ്വറൻസ് ഉൾപ്പടെ ആകെ എത്ര രൂപ നഷ്ടപരിഹരമായി അനുവദിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## <u>ഗുണമേന്മയുള്ള നല്ലയിനം വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കാൻ നടപടി</u>

3496 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകർ നിലവിൽ ഉപയോഗിച്ചുവരുന്ന ഉമ നെൽവിത്തിന്റെ ഗുണമേന്മയും ഉത്പ്പാദനശേഷിയും പ്രതിരോധശേഷിയും കുറഞ്ഞ സാഹചര്യത്തിൽ കൂടുതൽ ഗുണമേന്മയും പ്രതിരോധശേഷിയും മലയാളികളുടെ ഭക്ഷണക്രമത്തിന് അനുയോജ്യവുമായ നല്ലയിനം വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നെൽകൃഷിയുടെ വികസനത്തിന് മുൻപ് നൽകിയിരുന്ന വിവിധ സബ്സിഡികളും ഉല്പാദന ഇൻസെന്റീവുകളും പുനസ്ഥാപിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) കൊയ്ത്ത് മെഷീൻ ഏജന്റുമാരുടെയും നെല്ല് സംഭരണ ഏജന്റുമാരുടെയും ചൂഷണത്തിൽ നിന്ന് നെൽകർഷകരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നെല്ലിന്റെ കയറ്റിറക്ക് കൂലി കൈകാര്യ ചെലവ് എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ ഒരു ക്വിന്റൽ നെല്ലിന് കർഷകർക്ക് ചെലവാകുന്ന തുക എത്രയാണെന്നും സർക്കാർ എത്രയാണ് അവർക്ക് നൽകുന്നതെന്നും പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ;

(ഇ) പാടശേഖരങ്ങളുടെ ബണ്ടുകളുടെ പരിപാലനം കൂടി സാധ്യമാക്കുന്ന വിധത്തിൽ പമ്പിംഗ് സബ്സ്ഡി തുക കാലോചിതമായി പരിഷ്കരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുമോ?

## <u>സ്വന്തമായി ഭൂമിയില്ലാതെ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകർക്കുള്ള ആനുകൂല്യങ്ങൾ</u>

3497 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ;

(സി) ഇത്തരം കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

**<u>നാളികേരം/പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക</u>**

3498 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര സംഭരണ കേന്ദ്രങ്ങളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് സർക്കാർ നൽകാനുള്ള വിഹിതത്തിന്റെ കുടിശ്ശിക എത്രയെന്നും ഇത് എത്ര കർഷകർക്കാണ് നൽകാനുള്ളതെന്നും അറിയിക്കാമോ;

(സി) 2021 മുതൽ നാളിതുവരെ സർക്കാർ സംഭരിച്ച നാളികേരത്തിന്റെ അളവ് വർഷം തിരിച്ച് സംഭരണ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) 2021 മുതൽ നാളിതുവരെ സർക്കാർ സംഭരിച്ച പച്ചക്കറി ഉല്പന്നങ്ങളുടെ അളവ് വർഷം തിരിച്ച് സംഭരണ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ഇ) പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് സർക്കാർ നൽകാനുള്ള വിഹിതത്തിന്റെ കുടിശ്ശിക എത്രയെന്നും ഇത് എത്ര കർഷകർക്കാണ് നൽകാനുള്ളതെന്നും അറിയിക്കാമോ?

**<u>കർഷക ക്ഷേമ ബോർഡിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടി</u>**

3499 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകക്ഷേമ ബോർഡിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കിസാൻ അഭിമാൻ പദ്ധതിയിൽനിന്നും കർഷക ക്ഷേമനിധിയിലേക്ക് കൈമാറ്റം ചെയ്ത തുക</u>**

3500 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിസാൻ അഭിമാൻ പദ്ധതിയുടെ കണക്കിൽ ഉണ്ടായിരുന്ന തുക കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്ന തീയതിയിൽ കർഷക ക്ഷേമ നിധിയിലേക്ക്

കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അപ്രകാരം കൈമാറ്റം ചെയ്ത് നൽകിയതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തുക ഏതിനത്തിലാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കാലാവസ്ഥാ വ്യതിയാനം മൂലം കർഷകർ നേരിടുന്ന പ്രതിസന്ധികൾ**

3501 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടിയ വരൾച്ചയും അതിതീവ്ര മഴയും സംസ്ഥാനത്തുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനവും മൂലം കർഷകർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷിയും വിളവെടുപ്പും കാലാവസ്ഥയ്ക്കനുസൃതമായി ക്രമീകരിച്ച് കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിന് പ്രത്യേക പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) കാലാവസ്ഥ വ്യതിയാനംമൂലം കൃഷി നശിച്ച എല്ലാ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**അടയ്ക്കയുടെ വിളവ് കുറഞ്ഞതുമൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ നടപടി**

3502 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടയ്ക്കയുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മികച്ച വില ലഭിക്കുമ്പോഴും അടയ്ക്കയുടെ വിളവ് കുറഞ്ഞത് മലയോര കർഷകരെ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അടയ്ക്കയുടെ വിളവ് ഗണ്യമായി കുറഞ്ഞതോടെ വിലയുടെ ഗുണം ലഭിക്കാത്ത കർഷകരെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) കഴിഞ്ഞ രണ്ടുവർഷമായി കവുങ്ങുകൾക്ക് ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും വ്യാപകമായി പിടിപെട്ടതാണ് അടയ്ക്കയുടെ വിളവ് കുറയാൻ കാരണമായതെന്നത് വസ്തുതയാണോ; എങ്കിൽ എന്ത് പ്രതിവിധികളാണ് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

**പാലാ മണ്ഡലത്തിലെ കാർഷിക മേഖലയിലെ പുതിയ പദ്ധതികൾ**

3503 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങളായ കൊടുംവരൾച്ച, അതിവർഷം, പ്രളയം, ഉരുൾപൊട്ടൽ മുതലായ പ്രകൃതി ദുരന്തങ്ങൾ കൃഷിയേയും കർഷക വരുമാനത്തേയും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ കർഷകരെ സംരക്ഷിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കർഷകർ കൂടുതലുള്ള പാലാ മണ്ഡലത്തിൽ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## പുതുപ്പള്ളി മണ്ഡലത്തിലെ കർഷകരുടെ വിളനാശത്തിന് നഷ്ടപരിഹാരം

3504 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുപ്പള്ളി മണ്ഡലത്തിലെ വിവിധ പാടശേഖരങ്ങളിൽ ഉണ്ടായ വിളനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് കർഷകരിൽനിന്നും അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കർഷകർ സർക്കാരിന്റെ വിള ഇൻഷുറൻസ് എടുത്തിട്ടുള്ളവരായിരുന്നോ; ഇവർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; നഷ്ടപരിഹാരം പൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് അറിയിക്കുമോ;

(സി) മണ്ഡലത്തിൽ നിന്നും വിവിധ കൃഷിനാശങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷാ വിവരങ്ങൾ പേരും ലഭിച്ച തീയതിയും സഹിതം നൽകാമോ; ആയതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## നേര്യമംഗലം കൃഷിഫാമിലെ വികസന പ്രവർത്തനങ്ങൾ

3505 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേര്യമംഗലം കൃഷിഫാമിൽ കഴിഞ്ഞ ഒമ്പത് വർഷങ്ങളായി നടപ്പാക്കിവരുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഫാമിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എത്രയെണ്ണമുണ്ടെന്നും അവയ്ക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഫാമിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പുതുതായി എന്തെല്ലാം പദ്ധതികളാണ് ഫാമുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## കോഴിക്കോട് നഗരത്തിൽ തരിശുഭൂമികൾ കണ്ടെത്തുന്നതിന് നടപടി

3506 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കൃഷിക്കനുയോജ്യമായ തരിശുഭൂമികൾ കണ്ടെത്തുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഇത്തരത്തിൽ തരിശുഭൂമി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നഗരങ്ങളിൽ കാർഷികപുരോഗതിക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പരിഗണന നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

## കീടനാശിനി കലർത്തിയ ജൈവ പച്ചക്കറികൾ

3507 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത പച്ചക്കറി എന്ന പേരിൽ വിൽപ്പന നടത്തുന്ന ജൈവ പച്ചക്കറികളിൽ മാരകമായ കീടനാശിനികൾ കലർത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഇത് തടയുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകാമോ?

## പച്ചക്കറികളിലെ വിഷാംശം

3508 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വിപണനത്തിനെത്തുന്ന പച്ചക്കറികളിൽ മാരക വിഷാംശങ്ങളുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിശോധിക്കാൻ നിലവിൽ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) വിഷരഹിത പച്ചക്കറികൾ വിപണിയിലെത്തിക്കാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## അഗ്രോ പാർക്കുകൾ

3509 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടാരംഭിച്ച അഗ്രോ പാർക്കുകളുടെ വിശദാംശം നൽകാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ അഗ്രോ പാർക്കുകളാണ് നിലവിലുള്ളത്; പുതിയ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ;

(സി) പേരാമ്പ്ര മണ്ഡലത്തിൽ കുത്താളി കൃഷിഫാമിൽ അഗ്രോ പാർക്ക് ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

## പച്ചക്കറിയുൽപ്പാദനവും വിപണനവും

3510 **ശ്രീ. എം. എം. മണി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായ കൃഷിനാശം പച്ചക്കറിയുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തെ മറികടക്കുന്നതിനായി ആവശ്യമായ പച്ചക്കറികൾ മിതമായ നിരക്കിൽ വിപണിയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനും ഇതര സംസ്ഥാനങ്ങളിൽ നിന്ന് ശേഖരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ഡി) വിപണനശാലകൾ സജീവമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; സഞ്ചരിക്കുന്ന പച്ചക്കറി വിപണനശാലകൾ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>കാർഷിക ധാന്യങ്ങളുടെ ആഭ്യന്തര ഉല്പാദനം</u>

3511 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി കാർഷിക ധാന്യങ്ങളുടെ ആഭ്യന്തര ഉല്പാദനം കൂട്ടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം നാലിലൊന്ന് താഴെയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉല്പാദനം കൂട്ടാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## <u>കാബ്കോ-യിൽ ഷെയർ അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

3512 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ അഗ്രി ബിസിനസ് കമ്പനിയായ കാബ്കോ-യിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഷെയർ അനുവദിക്കുന്നതെന്നും ഓരോ വിഭാഗത്തിനും എത്ര ശതമാനം ഷെയർ ആണ് അനുവദിക്കുന്നതെന്നും ഒരു ഷെയറിന്റെ മുഖവില എത്രയാണെന്നും അറിയിക്കാമോ;

(ബി) കൃഷി വകുപ്പ് രൂപീകരിച്ചിട്ടുള്ള കർഷക കൂട്ടായ്മകളായ പാടശേഖര സമിതികൾ, കേര സമിതികൾ, കാർഷിക കർമ്മസേനകൾ, കൃഷിക്കൂട്ടങ്ങൾ, കൃഷിക്കൂട്ട ഫെഡറേഷനുകൾ എന്നിവയ്ക്ക് കാബ്കോ-യിൽ ഷെയർ അനുവദിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡമെന്താണെന്നും അറിയിക്കാമോ;

(സി) കൃഷി വകുപ്പ് പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള നൂറ് എഫ്.പി.ഒ-കൾക്ക് കാബ്കോ-യിൽ ഷെയർ അനുവദിക്കുമോയെന്നും എങ്കിൽ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പുനരുദ്ധാരണം**

3513 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പുനരുദ്ധാരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ കാറ്റഗറൈസ് ചെയ്തതിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാറ്റഗറി വ്യക്തമാക്കുമോ?

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ**

3514 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ;

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ സ്പെഷ്യൽ റൂൾസും സ്റ്റാഫ് പാറ്റേണും നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

**വാമനപുരം മണ്ഡലത്തിലെ ക്ലീൻഗ്രാമം പദ്ധതി**

3515 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് വാമനപുരം മണ്ഡലത്തിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ക്ലീൻഗ്രാമം പദ്ധതി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹോർട്ടികൾച്ചർ മിഷൻ പട്ടികവർഗ്ഗ വികസന വകുപ്പുമായി എം.ഒ.യു. ഒപ്പ് വെച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**കൊച്ചി നഗരത്തിൽ പുതിയ കൃഷി ഓഫീസ് അനുവദിക്കാൻ നടപടി**

3516 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 13 വില്ലേജുകളിൽ 74 ഡിവിഷനിൽ 94.88 സ്ക്വയർ കിലോമീറ്ററിലായി ഏകദേശം ഏഴ് ലക്ഷം ജനസംഖ്യയുള്ള കൊച്ചി നഗരത്തിലെ വൈറ്റിലയിൽ ഒരു കൃഷി ഓഫീസ് മാത്രമാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ അപേക്ഷകളും ഓഫ് ലൈൻ അപേക്ഷകളും ഉൾപ്പെടെ ഭൂമി തരം മാറ്റത്തിനുള്ള എത്ര അപേക്ഷകൾ വൈറ്റില കൃഷി ഓഫീസിൽ കെട്ടിക്കിടക്കുന്നുവെന്ന് അറിയിക്കുമോ:;

(സി) കൃഷി ഓഫീസുമായി ബന്ധപ്പെടുന്ന ഏകദേശം 1800 കർഷകരും റെസിഡന്റ്സ് അസോസിയേഷനുകളുടെ കീഴിൽ ധാരാളം കർഷക ഗ്രൂപ്പുകളും ഗ്രീൻ ഹൗസുകൾ നിർമ്മിച്ച് ടെറസ് കൃഷി നടത്തുന്ന ഒട്ടനവധി വീടുകളും സ്ഥാപനങ്ങളും ഉള്ള കൊച്ചി നഗരത്തിൽ ഇവരെ മോണിട്ടർ ചെയ്യാനും അവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനുമായി നിലവിലുള്ള ഉദ്യോഗസ്ഥർ എത്രപേരാണ് എന്ന് അറിയിക്കുമോ;

(ഡി) മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി വൈറ്റില മൊബിലിറ്റി ഹബിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന കൃഷി ഓഫിസ് കെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ടി വന്നതിനെ തുടർന്ന് നിലവിൽ പ്രവർത്തിക്കുന്നത് കൊച്ചി കോർപ്പറേഷന്റെ വൈറ്റില സോണൽ ഓഫീസിന്റെ രണ്ടാം നിലയിലായതിനാൽ നടീൽ വസ്തുക്കളും തെങ്ങിൻ തൈകളും രണ്ടാം നിലയിൽ കൃഷി ഓഫീസറുടെ മുറിയിൽ വെയിൽ കൊള്ളാതെ സൂക്ഷിക്കുന്ന നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) വൈറ്റിലയിലെ കൃഷി ഓഫീസിന്റെ നിലവിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) കൊച്ചി നഗരത്തിലെ കർഷകരുടെ പ്രായോഗിക ബുദ്ധിമുട്ട് മനസ്സിലാക്കി കൊച്ചി നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിലായി പുതിയ കൃഷി ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

3517 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ, അനുവദിച്ച തുക, നിലവിലെ സ്ഥിതി, ഏതൊക്കെ തദ്ദേശസ്ഥാപനങ്ങൾ എന്ന അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) കെ.എൽ.ഡി.സി. നിലവിൽ ഏതൊക്കെ പദ്ധതികളാണ് മണ്ഡലത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

## പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം

3518 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്ന പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കാർഷികമേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

3519 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ. ആൻസലൻ**

**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; ഇതിനായി പ്രത്യേകം പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരഫെഡിൽ ഉല്പന്ന വൈവിധ്യവൽക്കരണം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ;

(സി) ഹോർട്ടികോർപ്പ് പുതുതായി ഔട്ട്‌ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ്, ഹൈറേഞ്ച് ബീ കീപ്പിംഗ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## അഗ്രോ സർവ്വീസ് സെന്ററുകൾ

3520 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര അഗ്രോ സർവ്വീസ് സെന്ററുകളാണ് അനുവദിച്ചിട്ടുള്ളത്; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിൽ നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) ബാലുശ്ശേരി ബ്ലോക്കിൽ അഗ്രോ സെന്റർ അനുവദിക്കുന്നതിനായി പുതിയ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഒരു ബ്ലോക്കിൽ നിലവിൽ ഒരു അഗ്രോ സെന്റർ മാത്രമാണോ അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) അഗ്രോ സർവ്വീസ് സെന്ററുകളിൽ എന്തൊക്കെ സേവനങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

## മണ്ണാർക്കാട് മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ

3521 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ സേവനങ്ങൾ കർഷകർക്ക് എത്തിക്കുന്നതിനായി സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിനായി ഓരോ ബജറ്റിലും അനുവദിച്ച തുക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) മണ്ണാർക്കാട് മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളായി മാറ്റുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

## നെടുമ്പന സ്മാർട്ട് കൃഷിഭവൻ നിർമ്മാണം

3522 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ നെടുമ്പന സ്മാർട്ട് കൃഷിഭവന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**കായംകുളം മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

3523 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ**

3524 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് കൃഷിഭവനുകൾ വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ ഏതൊക്കെ കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

**ഉടുമ്പൻചോല മണ്ഡലത്തിലെ കൃഷി ഓഫീസുകളിലെ ഒഴിവുകൾ**

3525 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ കൃഷി ഓഫീസുകളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത വിഷയത്തിൽ തസ്തിക, ഓഫീസ് തിരിച്ച് വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**അഗ്രിക്കൾച്ചർ ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

3526 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച അഗ്രിക്കൾച്ചർ ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്ന് ഇതേവരെ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും പുതിയതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?

**അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാരുടെ ടൈം ബൗണ്ട് ഗ്രേഡ് പ്രമോഷൻ**

3527 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിലെ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാർക്ക് ടൈം ബൗണ്ട് ഗ്രേഡ് പ്രമോഷൻ ലഭിക്കുന്നതിന് വകുപ്പുതല പരീക്ഷ പാസാകണമെന്ന നിബന്ധനവച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ, എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കൃഷി വകുപ്പിന്റെ സ്പെഷ്യൽ റൂൾസിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടോ, അറിയിക്കുമോ;

(സി) മറ്റ് ഏതെല്ലാം വകുപ്പിലെ ജീവനക്കാർക്കാണ് സമയബന്ധിത ഹയർഗ്രേഡ് നൽകുന്നതിന് വകുപ്പ് തല പരീക്ഷ നിർബന്ധമാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

## കൃഷി വകുപ്പിലെ താൽക്കാലിക നിയമനം

3528 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇവരിൽ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരാണ്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) വകുപ്പിൽ സ്ഥിരം/കരാർ അല്ലാതെ നിയമനം ലഭിച്ചവർ ഉണ്ടോ; ഉണ്ടെങ്കിൽ ഏത് മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളതെന്നും അതിന് നിലവിലുള്ള നിയമം അനുശാസിക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരുടെ നിയമന കാലാവധി എത്ര മാസമാണ്; അല്ലാതെ താൽക്കാലിക നിയമന ജീവനക്കാരുടെ കാലാവധി എത്രയാണ്; വ്യക്തമാക്കാമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാർ ഇപ്പോൾ എത്ര വർഷം ആയി ജോലിയിൽ തുടരുന്നു; പ്രസ്തുത ജീവനക്കാർക്ക് തന്നെ തുടർച്ചയായി നിയമനാനുമതി നൽകി വരുന്നതിന്റെ കാരണം എന്താണ്; പ്രസ്തുത ജീവനക്കാർ അടിസ്ഥാന യോഗ്യത നേടിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) അടുത്ത സാമ്പത്തിക വർഷം മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകി നിയമനം നൽകുവാനും നീതി ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പള്ളിമുക്കത്ത് മോട്ടോർതറയും മോട്ടോറും ട്രാൻസ്ഫോർമറും സ്ഥാപിക്കാൻ നടപടി

3529 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട്, പാലമേൽ ഗ്രാമ പഞ്ചായത്തുകളിലുള്ള കരിങ്ങാലിച്ചാൽ പുഞ്ചയിലെ പള്ളിമുക്കത്ത് മോട്ടോർതറയും മോട്ടോറും ട്രാൻസ്ഫോർമറും അനുബന്ധ ഇലക്ട്രിഫിക്കേഷനും സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുമോ; വ്യക്തമാക്കാമോ?

## കൂത്തുപറമ്പ് യംഗ് ജനറേഷൻ പവർ ടില്ലർ ഉല്പാദന യൂണിറ്റ്

3530 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ മെഷിനറി കോർപറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015-ൽ ആരംഭിച്ച കാംകോയുടെ യംഗ് ജനറേഷൻ പവർ ടില്ലർ ഉല്പാദന യൂണിറ്റിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) യംഗ് ജനറേഷൻ പവർ ടില്ലറുകൾ നിർമ്മിക്കുന്നതിനായി കാംകോ ആരംഭിച്ച പ്രസ്തുത യൂണിറ്റിന് നാളിതുവരെ ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിലുള്ള കാംകോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**കുറുപ്പന്തറ കാർഷിക സംഘത്തിന് ലഭിക്കാനുള്ള കുടിശ്ശികകൾ അനുവദിക്കാൻ നടപടി**

3531 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എഫ്.പി.സി.കെ. വഴി കർഷകർക്ക് നൽകിവരുന്ന അടിസ്ഥാന വില ആനുകൂല്യങ്ങൾ കുറുപ്പന്തറ കാർഷിക സംഘത്തിൽ ലേലം ചെയ്ത് വിൽക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ദൂരെ സ്ഥലങ്ങളിൽ നിന്ന് ഉല്പന്നങ്ങൾ സംഘത്തിൽ എത്തിച്ച് വില്പന നടത്തിവരുന്ന കർഷകർക്ക് 2012 മുതൽ കിലോയ്ക്ക് 1.50 രൂപ നിരക്കിൽ നൽകി വരുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അടിയന്തരമായി അനുവദിക്കുന്നതിനും പ്രസ്തുത തുക കാലാനുസൃതമായി മൂന്ന് രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) നിലവിലെ വരുമാനം കൊണ്ട് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിടുന്ന സംഘത്തിന് കിട്ടാനുള്ള തുകയും കൈകാര്യ ചെലവും അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഹോർട്ടികോർപ്പിന് സ്ഥിരമായി നൽകി വരുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംഘത്തിന്റെ കുടിശ്ശിക ഹോർട്ടികോർപ്പിൽ നിന്ന് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കോട്ടക്കലിലെ സമഗ്ര ജലസേചന പദ്ധതിയിന്മേൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ**

3532 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കൃഷിഭവന്റെ പരിധിയിലുള്ള ജലസ്രോതസുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്യുന്നതുൾപ്പടെയുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## മാവൂർ സ്മാർട്ട് കൃഷിഭവൻ

3533 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് കൃഷിഭവനുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ്ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി അനുവദിക്കുന്ന തുക എത്രയാണെന്നും അറിയിക്കുമോ;

(ബി) കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ കൃഷിഭവൻ സ്മാർട്ടാക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കിയുള്ള പ്രവൃത്തികളെന്തൊക്കെയാണെന്നും ആയതിന് എത്ര തുക വേണ്ടി വരുമെന്നും പ്രസ്തുത തുക കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

## ആലപ്പുഴ ജില്ലാ കൃഷിതോട്ടത്തിന് അനുവദിച്ച തുക

3534 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 മുതൽ ആലപ്പുഴ ജില്ലാ കൃഷിതോട്ടത്തിന് (തഴക്കര ഗ്രാമപഞ്ചായത്തിലെ നൂറ് എക്കറിൽ) കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച തുകയുടെയും അവയുടെ വിനിയോഗത്തിന്റെയും വിശദവിവരം ലഭ്യമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ

3535 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ ആയി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് കൃഷിഭവനായി ഉയർത്തിയ കൃഷിഭവനുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) മണ്ഡലത്തിൽ പുതുതായി ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഇനി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ കൂടുതൽ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ചിറയിൻകീഴ് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

3536 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിലൂടെ 2022-23 മുതൽ ചിറയിൻകീഴ് മണ്ഡലത്തിലെ എട്ട് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഓരോ ഇനങ്ങളിലും 2022-23, 2023-24 വർഷങ്ങളിൽ ചെലവഴിച്ച തുകയും ഭൗതിക നേട്ടങ്ങളും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

## കാട്ടുപന്നി ശല്യം

3537 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളെ കാട്ടുപന്നികളിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) ഇത്തരം വിവരങ്ങൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കർഷകർക്ക് ലഭ്യമാക്കുമോ; വിശദമാക്കാമോ?

## കർഷക ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ പെൻഷൻ

3538 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; അംശാദായമായി ഈടാക്കുന്ന തുക എത്രയാണ്; ഈ ഇനത്തിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കർഷക ക്ഷേമനിധി ബോർഡിൽ നിന്നും നാളിതുവരെ എത്രപേർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര രൂപ നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നത്; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്ന വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കാർഷിക വായ്പകൾക്കുള്ള പലിശ നിരക്ക്

3539 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പ്രത്യേക ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകത മുൻനിർത്തി കാർഷിക വായ്പകൾക്ക് ഇപ്പോൾ എത്ര ശതമാനമാണ് പലിശനിരക്ക് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷികാനുബന്ധ വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ആലപ്പുഴ ജില്ലയിലെ പൊതു ആവശ്യത്തിന് നിലം നികത്തുന്നതിനുള്ള അപേക്ഷകൾ

3540 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ആലപ്പുഴ ജില്ലയിൽ പൊതു ആവശ്യത്തിന് നിലം നികത്തുന്നതിനായി എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ലഭ്യമായ അപേക്ഷകളിൽ എത്ര അപേക്ഷകളിലാണ് തീർപ്പുകൽപ്പിച്ചിട്ടുള്ളത്; ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദവിവരം ലഭ്യമാക്കാമോ;

(സി) തീർപ്പുകൽപ്പിക്കാൻ കഴിയാത്ത അപേക്ഷകൾ എന്ത് കാരണത്താലാണ് നിരസിച്ചത് എന്ന വിവരം ലഭ്യമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ ഇക്കോ ഷോപ്പുകൾ**

3541 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്നും കഴിഞ്ഞ മൂന്ന് മാസക്കാലമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിവരം കൃഷി ഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

**മണ്ണ് പരിശോധനാ ലാബുകളുടെയും മൊബൈൽ യൂണിറ്റുകളുടെയും വിവരങ്ങൾ**

3542 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന മണ്ണ് പരിശോധനാ ലാബുകളുടെയും മൊബൈൽ മണ്ണ് പരിശോധനാ യൂണിറ്റുകളുടെയും വിവരങ്ങൾ ലഭ്യമാക്കുമോ?

**ആലത്തൂർ മണ്ഡലത്തിലെ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേനയുള്ള പദ്ധതികൾ**

3543 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**തിരുവനന്തപുരം ജില്ലയിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ**

3544 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ചെറിയ നീർത്തടങ്ങളെ അടിസ്ഥാനമാക്കി തിരുവനന്തപുരം ജില്ലയിൽ ശാസ്ത്രീയ രീതിയിൽ നടപ്പിലാക്കിയ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

**ട്രാക്കർ പാത്ത് വേയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മാണം**

3545 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയിൽ ഈസ്റ്റ് വില്ലൂർ ഭാഗത്ത് ഇരണിയൽ തോടിനോട് ചേർന്നുള്ള ട്രാക്കർ പാത്ത് വേയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സോയിൽ കൺസർവേഷൻ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മതിയായ തുക വകയിരുത്തി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ബി.ടെക് കോഴ്സുകളുടെ കരിക്കുലം കാലാനുസൃതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച്</u>**

3546 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.ടെക്. കോഴ്സുകളുടെ കരിക്കുലം കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) 2020 വർഷം എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ബി.ടെക്.-ന് പ്രവേശനം നേടുകയും 2024 അധ്യയന വർഷം കോഴ്സ് പൂർത്തിയാക്കുകയും ചെയ്ത സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കംപ്യൂട്ടർ സയൻസ് എന്നീ ട്രേഡുകളിൽ ഏറ്റവും കൂടുതൽ സി.ജി.പി.എ. ലഭിച്ച ഓരോ ട്രേഡിലെയും 10 കുട്ടികളുടെ പേരും സി.ജി.പി.എ.യും ലഭ്യമാക്കാമോ?

**<u>യു.ജി.സി. കരട് ചട്ട ഭേദഗതിക്കെതിരെ നടത്തിയ ദേശീയ കൺവെൻഷനിലെ നിർദ്ദേശങ്ങൾ</u>**

3547 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. കരട് ചട്ടഭേദഗതിക്കെതിരെ സർക്കാർ നേതൃത്വം കൊടുത്തു നടത്തിയ ദേശീയ കൺവെൻഷനിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കൺവെൻഷനിൽ ആരൊക്കെയാണ് പങ്കാളികളായതെന്ന് വ്യക്തമാക്കാമോ;

(സി) ഉന്നതവിദ്യാഭ്യാസത്തിലെ ജനാധിപത്യ മൂല്യങ്ങളെ ദുർബലപ്പെടുത്താനും, ഉന്നതവിദ്യാഭ്യാസം മതപരവും സാമുദായികവുമായ പ്രത്യയ ശാസ്ത്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നവരുടെ നിയന്ത്രണത്തിലാക്കാനുമുള്ള ശ്രമങ്ങളെ ചെറുക്കുന്നതിന് പ്രസ്തുത സമ്മേളനം എത്രത്തോളം സഹായകമാവും എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരിലെ സ്ത്രീ-പുരുഷ അനുപാതം</u>**

3548 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരിലെ സ്ത്രീ-പുരുഷ അനുപാതത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞ സർക്കാരും ഈ സർക്കാരും തുടരുന്ന വിദ്യാഭ്യാസ നയങ്ങൾ എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തു നിന്നും വിദേശ രാജ്യങ്ങളിലേയ്ക്ക് ഉപരിപഠനത്തിനായി പോകുന്നവരിൽ കൂടുതലും പെൺകുട്ടികളാണെന്നുള്ള സർവ്വേ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആഗോള തലത്തിൽ ഉയർന്നു വരുന്ന പുത്തൻ തൊഴിലവസരങ്ങൾ മനസ്സിലാക്കി വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകുമോ; വിശദമാക്കുമോ?

## ഉന്നത വിദ്യാഭ്യാസ വകുപ്പിലെ പദ്ധതികൾ

3549 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിലെ പദ്ധതികൾ മുൻഗണന അടിസ്ഥാനത്തിൽ പുനർ ക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ

3550 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ ആരംഭിച്ചിട്ടില്ലെങ്കിൽ അത് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് അറിയിക്കാമോ?

## ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച ദേശീയ കൺവെൻഷൻ

3551 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഫെബ്രുവരി 20ന് യു.ജി.സി.യുടെ കരട് റെഗുലേഷൻ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച ദേശീയ കൺവെൻഷനിൽ വിവിധ സർവകലാശാലകളിൽ നിന്ന് പങ്കെടുക്കേണ്ട ഡെലിഗേറ്റുകളുടെ ചെലവുകൾ, ഡ്യൂട്ടിലീവ് എന്നിവ അനുവദിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിരുന്നോ; പ്രസ്തുത പരിപാടിയിൽ എത്ര പേരെ പങ്കെടുപ്പിക്കാനാണ് നിർദ്ദേശിച്ചിരുന്നത്;

സെമിനാറിന്റെ ചെലവുകൾ വഹിച്ചത് സർക്കാർ ഫണ്ടിൽ നിന്നായിരുന്നോ; ആകെ എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) സെമിനാർ സംഘടിപ്പിക്കുന്നതിനുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിനെതിരെ ഗവർണർ അസംതൃപ്തി പ്രകടിപ്പിച്ചിരുന്നോ; വ്യക്തമാക്കാമോ;

(സി) യു.ജി.സി. കരട് റെഗുലേഷനെതിരെ സംസ്ഥാനം സംഘടിപ്പിച്ച ദേശീയ ഉന്നത വിദ്യാഭ്യാസ കൺവെൻഷൻ സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത വിഷയത്തിൽ ആദ്യം പുറപ്പെടുവിച്ച സർക്കുലർ തിരുത്തി പുതിയത് പുറത്തിറക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കാമോ?

## ഫ്ലോട്ടിങ് സംവരണം

3552 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ, എൻജിനീയറിങ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിൽ സംവരണ വിഭാഗങ്ങളുടെ സീറ്റ് നഷ്ടം ഒഴിവാക്കാൻ ഏർപ്പെടുത്തിയ ഫ്ലോട്ടിങ് സംവരണം ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി പ്രവേശന പരീക്ഷ കമ്മീഷണർക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തീരുമാനം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## നാലുവർഷ ബിരുദ കോഴ്സ്

3553 **ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സുകളുടെ പോരായ്മകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ ബിരുദ കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അധ്യാപകർക്ക് സർവ്വകലാശാലാതലത്തിൽ പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം എന്നിവയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## നാലുവർഷ ഇന്റഗ്രേറ്റഡ് ബി.എഡ്. കോഴ്സുകൾ

3554 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ ഇന്റഗ്രേറ്റഡ് ബി.എഡ്. കോഴ്സുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ ആരംഭിക്കാനാണുദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച കരിക്കുലം കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദീകരിക്കുമോ;

(സി) പുതിയ കോഴ്സ് തുടങ്ങുന്നതോടുകൂടി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സുകൾ അവസാനിപ്പിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കുമോ?

## <u>സംസ്ഥാനത്തെ കോളേജുകളിൽ എ.ഐ. സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ</u>

3555 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ എ.ഐ. സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏതെല്ലാം നൂതന കോഴ്സുകളാണ് ഉൾപെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## <u>സെക്രട്ടേറിയേറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ</u>

3556 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ നിലവിൽ ഒഴിവുണ്ടെന്നത് തസ്തികയും ഒഴിവുകളുടെ എണ്ണവും സെക്ഷനുകളും സഹിതം പട്ടിക തിരിച്ച് അറിയിക്കാമോ;

(ബി) ഇതിൽ കഴിഞ്ഞ മൂന്നു മാസത്തിൽ കൂടുതലായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഇപ്രകാരം മൂന്നു മാസത്തിൽ കൂടുതലായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ കൈകാര്യം ചെയ്തിരുന്ന പ്രധാനപ്പെട്ട വിഷയങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ടി തസ്തികകളുടെ നിർവ്വഹണ ചുമതല നൽകിയിട്ടുള്ളത് ആർക്കെല്ലാമാണെന്നും വിശദമാക്കുമോ?

## <u>ചവറ ഗവ.കോളേജിൽ അസാപ്പ് മുഖേനയുള്ള കോഴ്സുകൾ</u>

3557 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ ഗവ.കോളേജിൽ അസാപ്പ് മുഖേന എത്ര കോഴ്സുകൾ നടത്തുന്നുണ്ടെന്നും ഓരോ കോഴ്സിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും അറിയിക്കുമോ?

## <u>മൊകേരി ഗവൺമെന്റ് കോളേജ്</u>

3558 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ നാളിതുവരെ മൊകേരി ഗവൺമെന്റ് കോളേജിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് അറിയിക്കുമോ; ഓരോ പദ്ധതിയുടെയും അടങ്കൽ തുക സഹിതം വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>കാളികാവിൽ സർക്കാർ കോളേജ്</u>**

3559 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ കാളികാവിൽ സർക്കാർ കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത കോളേജ് എന്നേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**<u>മൊകേരി കോളേജിൽ പുതിയ കോഴ്സ്</u>**

3560 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ ഇതുവരെ മൊകേരി ഗവൺമെന്റ് കോളേജിൽ അനുവദിച്ച പുതിയ കോഴ്സുകൾ എതൊക്കെയാണെന്നറിയിക്കുമോ; വിശദമാക്കാമോ;

(ബി) കുറ്റ്യാടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ മൊകേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുമോ; വിശദമാക്കാമോ?

**<u>മങ്കട ആർട്സ് & സയൻസ് കോളേജിലെ വികസന പ്രവർത്തനങ്ങൾ</u>**

3561 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ആർട്സ് & സയൻസ് കോളേജിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്നും ഏതെല്ലാം ഫണ്ട് ഇതിനായി വകയിരുത്തിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അറിയിക്കുമോ;

(ബി) പ്രസ്തുത കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടന്നു വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും ഏത് ഏജൻസി വഴിയാണ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത കോളേജിൽ പുതിയതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമെന്നും പുതിയതായി ആരംഭിക്കുന്നതിന് പരിഗണനയിലുള്ള കോഴ്സുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

**<u>അമ്പലപ്പുഴ ഗവ. കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്കും ഹോസ്റ്റലും നിർമ്മിക്കൽ</u>**

3562 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവ. കോളേജിൽ കിഫ്ബി പദ്ധതി പ്രകാരം പുതിയ അക്കാദമിക് ബ്ലോക്കും ഹോസ്റ്റലും നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും പ്രവർത്തനപുരോഗതിയും വിശദമാക്കുമോ?

**<u>വൈപ്പിൻകരയിലെ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ വികസനം</u>**

3563 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മണ്ഡലമായ വൈപ്പിൻകരയിലെ ഏക സർക്കാർ കോളേജായ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പുതിയ കെട്ടിട നിർമ്മാണത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ 6 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിൽ നിന്നും 10 കോടിയും സ്ഥലമെടുപ്പിനായി 9.31 കോടി രൂപയും വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മഞ്ചേശ്വരം ഗോവിന്ദ പൈ ഗവ. കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ</u>**

3564 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ ഗവ. കോളേജിൽ 2025-26 അധ്യയന വർഷം പുതിയ ബിരുദ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കുന്ദമംഗലം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ</u>**

3565 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) കെട്ടിടം ഉൾപ്പെടെ ആവശ്യമായ സംവിധാനങ്ങൾ നിലവിലുള്ള കുന്ദമംഗലം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മലപ്പുറം സർക്കാർ വനിതാ കോളേജ് കെട്ടിട നിർമാണം</u>**

3566 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ ആർട്സ് & സയൻസ് കോളേജിനായുള്ള കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 18.61 കോടി രൂപയുടെ പുതുക്കിയ

ധനാനുമതി ലഭിച്ചെങ്കിലും നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതു എത്രയും വേഗം പരിഹരിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## പത്തിരപ്പാല സർക്കാർ കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം

3567 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിലെ പത്തിരപ്പാല ഗവ. ആർട്സ് & സയൻസ് കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിന് 04.08.2023-ൽ ഭരണാനുമതി ലഭിച്ചെങ്കിലും പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കുള്ള തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജ് കെട്ടിടനിർമ്മാണം

3568 **ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ രണ്ടാംഘട്ടത്തിന് ആവശ്യമായ തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

## കരുനാഗപ്പള്ളി ഗവണ്മെന്റ് കോളേജ് കെട്ടിടം

3569 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഗവണ്മെന്റ് കോളേജ് പ്രവർത്തിക്കുന്ന സ്വകാര്യ കെട്ടിടം തകർന്നതിനാൽ അവിടെ നിന്നും കോളേജിന്റെ പ്രവർത്തനം മാറ്റണമെന്നാവശ്യപെട്ട് വിദ്യാർത്ഥികളും രക്ഷകർത്താക്കളും പ്രതിഷേധിച്ചിരുന്നോ;ഇതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ജില്ലാ കളക്ടർ തലത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കരുനാഗപ്പള്ളി ഗവണ്മെന്റ് കോളേജ് പ്രവർത്തിക്കുന്ന സ്വകാര്യ കെട്ടിടം പ്രവർത്തനയോഗ്യമല്ലെന്ന് പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരുന്നോ; വിശദമാക്കാമോ;

(ഡി) അപകടാവസ്ഥയിലുള്ള കെട്ടിടം മാറുന്നതിനു കോളേജ് പ്രിൻസിപ്പൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; എഞ്ചിനീയറുടെ റിപ്പോർട്ട് ഉന്നത ഉദ്യോഗസ്ഥർക്ക് സമർപ്പിച്ചിരുന്നോ;

(ഇ) കോളേജ് പ്രിൻസിപ്പലിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടോ; അപകടകരമായ സ്ഥിതിയിലുള്ള വാടക കെട്ടിടത്തിന്റെ ഉടമ ഹൈക്കോടതിയിൽ നൽകിയ റിട്ട് പെറ്റീഷനിന്മേൽ സർക്കാരും ജില്ലാ കളക്ടറും പ്രിൻസിപ്പലും എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ടോ; സത്യവാങ്മൂലങ്ങളുടെ പകർപ്പുകൾ നൽകുമോ;

(എഫ്) അപകടാവസ്ഥയിലുള്ള കെട്ടിടത്തിൽ നിന്നും കരുനാഗപ്പള്ളി ഗവണ്മെന്റ് കോളേജ് മാറ്റുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എറിയാട് ഐ.എച്ച്.ആർ.ഡി. കോളേജിന്റെ നവീകരണം

3570 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് ഐ.എച്ച്.ആർ.ഡി. കോളേജിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ അക്കാദമിക ബ്ലോക്ക് പണിയുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജിൽ പുതുതായി പണിത കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന കോഴ്സുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

## ആസാദ് സേനയുടെ പ്രവർത്തനം

3571 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സർവീസ് സ്കീമിന്റെ ഭാഗമായി കോളേജ്, ടെക്നിക്കൽ സെൽ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, എൻ.എസ്.എസ്. യൂണിറ്റുകളെ സംയോജിപ്പിച്ച് നടത്തിയ പദ്ധതിയായ ആസാദ് സേനയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ആസാദ് സേനയുടെ ഭാഗമായി അടുത്ത അക്കാദമിക വർഷം എന്തെല്ലാം പ്രവർത്തന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ലഹരി നിർമ്മാർജ്ജനം അത്യന്താപേക്ഷിതമായി കണ്ടുകൊണ്ട് നാഷണൽ സർവീസ് സ്കീമിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന്; വിശദമാക്കാമോ?

## അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അധ്യായന പരിചയം

3572 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ബാച്ചിലർ ഓഫ് എഡ്യുക്കേഷൻ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിന് അധ്യാപന പരിചയം നിഷ്കർഷിച്ചിരിക്കുന്നത് യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മാനദണ്ഡം ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കോളേജുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിൽ ഏതൊക്കെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലാണ് ഒഴിവുള്ളതെന്നും പ്രസ്തുത തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

**<u>ഉന്നത വിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി</u>**

3573 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലെയ്ക്ക് ഉയർത്തി സംസ്ഥാനത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജനപക്ഷ വൈജ്ഞാനിക സമൂഹമായി കേരളീയ സമൂഹത്തെ വാർത്തെടുക്കുകയെന്ന കാഴ്ചപ്പാടോടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തെ കലാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>ഉന്നത വിദ്യാഭ്യാസ വകുപ്പിന് പദ്ധതി ഇനത്തിൽ വകയിരുത്തിയ തുക</u>**

3574 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് 2021-22 മുതൽ 2024-25 വരെ പദ്ധതി ഇനത്തിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ?

**<u>ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകളിലേക്കുള്ള അധ്യാപക പാനൽ</u>**

3575 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകളിലെ അധ്യാപക പാനലിൽ ഉൾപ്പെടുന്നതിന് എൽ.എൽ.ബി., ബി.ടെക്, എം.ബി.ബി.എസ്., ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾ പാസ്സായവർക്കും നെറ്റ് പരീക്ഷ പാസ്സാകണമെന്നത് നിർബന്ധമാണോയെന്ന് അറിയിക്കാമോ?

**<u>കേരള സിലബസിൽ പഠിച്ച കുട്ടികൾക്ക് മാർക്ക് നഷ്ടം</u>**

3576 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻജിനീയറിങ് പ്രവേശന പരീക്ഷയിലെ സ്കോറും പ്ലസ്ടു പരീക്ഷയിലെ ഫിസിക്സ്, കെമിസ്ട്രി, മാക്സ് എന്നിവയുടെ മാർക്കും സ്റ്റാൻഡേർഡൈസേഷൻ നടത്തി റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ കേരള സിലബസിൽ പഠിച്ച കുട്ടികൾക്ക് മാർക്ക് നഷ്ടം സംഭവിക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കേരള സിലബസിൽ പഠിക്കുന്ന കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>സംസ്ഥാനത്തുനിന്നുള്ള മസ്തിഷ്ക ചോർച്ച</u>

3577 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷകാലയളവിൽ സംസ്ഥാനത്തു നിന്നും ഉന്നതവിദ്യാഭ്യാസം ലക്ഷ്യമിട്ട് ഇന്ത്യക്ക് പുറമെയുള്ള സർവ്വകലാശാലകളിൽ എത്ര പേരാണ് പ്രവേശനം നേടിയിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസത്തിനായുള്ള ഈ പലായനത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(സി) ഈ പലായനത്തിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന മസ്തിഷ്ക ചോർച്ച സർക്കാർ വിലയിരുത്തുകയുണ്ടായോ; ഇത് സംബന്ധിച്ച് പഠനങ്ങളെന്തെങ്കിലും നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തു നിന്നുള്ള ഈ മസ്തിഷ്ക ചോർച്ച തടയുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മസ്തിഷ്ക ചോർച്ച തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

## <u>ഉന്നത വിദ്യാഭ്യാസരംഗത്ത് പുതിയ പാത്ത്‌വേ കോഴ്സുകൾ</u>

3578 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് പുതിയ കരിക്കുലം പ്രകാരമുള്ള ബിരുദ പ്രോഗ്രാമുകളിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കോഴ്‌സുകളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നറിയിക്കുമോ; വിശദമാക്കാമോ;

(ബി) വിവിധ വിഷയമേഖലകളിൽ അടിസ്ഥാനപരമായ അറിവുനേടാൻ ഉതകുന്ന കോഴ്സുകൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളിലാണ് അവ ലഭ്യമാകുന്നതെന്ന് അറിയിക്കുമോ;

(സി) തെരഞ്ഞെടുത്ത വിഷയമേഖലകളിൽ ആഴത്തിലുള്ള അറിവ് നേടുന്നതിനായി പാത്ത്‌വേ കോഴ്സുകൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോഴ്സുകൾ

എങ്ങനെയാണ് ക്രമീകരിച്ചിട്ടുള്ളതെന്ന വിശദമാക്കുമോ?

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്കോളർഷിപ്പുകൾ**

3579 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ ഏതൊക്കെ സ്കോളർഷിപ്പുകളാണ് നൽകിവരുന്നത് എന്നറിയിക്കുമോ;

(ബി) ഓരോ സ്കോളർഷിപ്പിലും എത്ര കുട്ടികൾക്ക് വീതം സ്കോളർഷിപ്പ് ലഭ്യമാകുന്നുണ്ട് എന്നറിയിക്കുമോ; സ്കോളർഷിപ്പുകൾ ഓരോന്നിനും എത്ര രൂപ വീതമാണ് നൽകുന്നത്; ഇതിൽ മുൻകാലങ്ങളിൽ നിന്ന് എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ; ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

**ബി.എഡ്. പാഠ്യപദ്ധതിയിൽ കാലോചിതമാറ്റം**

3580 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എഡ്. പാഠ്യപദ്ധതിയിൽ കാലോചിത മാറ്റങ്ങൾ വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ബി.എഡ്. പാഠ്യപദ്ധതിയിൽ ഡിജിറ്റൽ പഠനരീതിക്ക് പ്രാമുഖ്യം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**ബി.എഡ്, എം.എഡ്. കോഴ്സുകളിൽ പരിഷ്കാര നടപടികൾ**

3581 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എഡ്, എം.എഡ്. കോഴ്സുകളിൽ എൻ.സി.ടി.ഇ. കരട് നയപ്രകാരം വരുത്തിയിട്ടുള്ള പരിഷ്കാര നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോഴ്സുകളുടെ പ്രവേശന പരീക്ഷ, പ്രവേശന യോഗ്യത, ഫീസ് ഘടന, തൊഴിൽ സാധ്യതകൾ, ഉപരിപഠന സാധ്യതകൾ എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

**പെൺകുട്ടികളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതി**

3582 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികളാണ് എണ്ണത്തിൽ അധികമെങ്കിലും തൊഴിൽ ലഭ്യതയിൽ പെൺകുട്ടികൾ പിറകിലായി പോകുന്നതിന്റെ കാരണങ്ങൾ പഠന വിധേയമാക്കി അവരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യ ശേഷി വികസിപ്പിച്ച് അവരെ തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കുന്നതിന് എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**യു.ജി.സി. ശമ്പള പരിഷ്കരണം**

3583 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് എത്ര രൂപയുടെ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്; പ്രസ്തുത കേന്ദ്രസഹായം എന്നാണ് ലഭിച്ചത്; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ സംസ്ഥാനം വീഴ്ച വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ 2022 വരെ ലഭ്യമായിരുന്ന കേന്ദ്ര സഹായം ലഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; എത്ര തുകയുള്ള കേന്ദ്ര സഹായമാണ് ലഭിക്കാതിരുന്നത് എന്നറിയിക്കുമോ; വ്യക്തമാക്കുമോ;

(സി) കോടിക്കണക്കിന് രൂപയുടെ കേന്ദ്ര സഹായം നഷ്ടമാകാൻ കാരണമായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ നൽകാമോ; ഈ വിഷയത്തിലെ ഗുരുതരമായ വീഴ്ച കണ്ടെത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്തം ചുമത്തിയിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ;

(ഡി) യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തെ തുടർന്ന് ജനുവരി 2016 മുതൽ മാർച്ച് 2019 വരെയുള്ള ശമ്പളകുടിശ്ശിക കോളേജ് അദ്ധ്യാപകരുടെ പി.എഫി.ൽ ലയിപ്പിക്കുമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിന് ശേഷവും പ്രസ്തുത കുടിശ്ശിക അനുവദിയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; ഈ കാലയളവിലെ കുടിശ്ശിക ജീവനക്കാരുടെ പി.എഫ്.ലേക്ക് ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) കുടിശ്ശിക തുക അനുവദിയ്ക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; കുടിശ്ശിക തുക അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സർവീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) എല്ലാ നടപടിക്രമങ്ങളും പൂർത്തികരിച്ച് ഈ സർക്കാരിന്റെ കാലയളവിൽ തന്നെ കുടിശ്ശിക അനുവദിയ്ക്കാൻ സാധിക്കുമോ; നഷ്ടപ്പെട്ട കേന്ദ്ര സഹായത്തിനുപകരം ഏത് ബദൽ സംവിധാനം ഉപയോഗിച്ചാണ് കുടിശ്ശിക തീർക്കാൻ ഉദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**യൂണിവേഴ്സിറ്റിയുടെ ഓൺഫണ്ട് / പ്ലാൻഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

3584 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികളുടെ ഓൺഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) യൂണിവേഴ്സിറ്റികൾക്ക് അനുവദിക്കുന്ന പ്ലാൻഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്കോളർഷിപ്പുകൾ</u>

3585 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാർ പുതുതായി സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## <u>യു.ജി.സി. കരട് നയത്തിനെതിരെ നിയമ പോരാട്ടം</u>

3586 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. കരട് നയത്തിനെതിരെ മറ്റു സംസ്ഥാനങ്ങളുമായി യോജിച്ച് സുപ്രീംകോടതിയിൽ നിയമ പോരാട്ടം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) യു.ജി.സി. കരട് നയത്തിൽ സംസ്ഥാന താൽപര്യത്തിന് വിരുദ്ധമായ ഏതെല്ലാം വ്യവസ്ഥകളാണ് റദ്ദാക്കണമെന്ന് സർക്കാർ ആവശ്യപ്പെടുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാന നിയമങ്ങളെ മറികടക്കാൻ യു.ജി.സി.ക്ക് അധികാരം ഉണ്ടോ എന്ന വിഷയത്തിൽ നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>കേരളം ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബ്</u>

3587 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്വയംഭരണ കോളേജുകൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വിദേശ സർവകലാശാലകളുടെ ക്യാമ്പസ് ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

## <u>ചലഞ്ച് കോഴ്സുകളുടെ മൂല്യ നിർണ്ണയം</u>

3588 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവകലാശാലയുടെ ബി.ടെക്-2024 റെഗുലേഷൻ പ്രകാരം ചലഞ്ച് കോഴ്സ് നടത്തുന്നുണ്ടോയെന്നും പ്രസ്തുത കോഴ്സ് നടത്തുന്നതു വഴി വിദ്യാർത്ഥികൾക്ക് എന്തെല്ലാം നേട്ടങ്ങൾ ലഭിക്കുമെന്നാണ് വിലയിരുത്തുന്നതെന്നും വിശദമാക്കുമോ;

(ബി) 2024ഡിസംബർ മാസം നടത്തിയ ചലഞ്ച് കോഴ്സ്കളുടെ മൂല്യനിർണ്ണയ നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്നും; എത്ര തലത്തിലാണ് ഉത്തരകടലാസ്സുകളുടെ മൂല്യനിർണ്ണയം നടക്കുന്നതെന്നും ഇതിൽ ഏതെല്ലാം തലങ്ങളിൽ മൂല്യനിർണ്ണയം പൂർത്തിയായിയെന്നും ഉത്തരകടലാസ്സുകൾ മൂല്യനിർണ്ണയത്തിനായി വിവിധ തലങ്ങളിൽ അയച്ചുകൊടുത്തത് ഏതെല്ലാം തീയതികളിലാണെന്നും ;ഉൾപ്പടെയുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ചലഞ്ച് കോഴ്സ്കളുടെ പരീക്ഷ നടന്നതു മുതൽ എത്ര ആഴ്ചകൾക്കകമാണ് റിസൾട്ട് പബ്ളിഷ് ചെയ്യേണ്ടതെന്നും; 2025-26 അക്കാഡമിക് കലണ്ടർ പ്രകാരം രണ്ടാം സെമെസ്റ്റർ കോഴ്സ് രജിസ്ട്രേഷനുള്ള അവസാന തീയതി കഴിഞ്ഞിട്ടുണ്ടോയെന്നും മൂല്യനിർണ്ണയം പൂർത്തീകരിച്ച് ചലഞ്ച് കോഴ്സ്കളുടെ പരീക്ഷാ റിസൾട്ട് പ്രസിദ്ധികരിക്കുന്നതിലുള്ള കാലതാമസത്തിന് കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ഡി) രണ്ടാം സെമെസ്റ്റർ തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ആരംഭിച്ച ടി പരീക്ഷയുടെ റിസൾട്ട് പബ്ലിഷ് ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം കാരണം പരീക്ഷ എഴുതിയ പേപ്പറുകളിലുള്ള ഇന്റേണൽ - എക്സ്റ്റേണൽ - ലാബ് എന്നിവയ്ക്കായി വീണ്ടും തയ്യാറെടുക്കേണ്ടിവരികയും അധികസമയവും പ്രസ്തുത വിഷയങ്ങൾ മാത്രം പഠിക്കേണ്ടി വരുന്നതിനാൽ മറ്റു പേപ്പറുകൾക്കായി തയ്യാറെടുക്കുന്നതിനെ ഇത് ബാധിക്കുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ബി.ടെക്-2024 റെഗുലേഷൻ പ്രകാരം 2024 ഡിസംബർ മാസം നടത്തിയ ചലഞ്ച് കോഴ്സ്കളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ച് റിസൾട്ട് അടിയന്തിരമായി പബ്ളിഷ് ചെയ്യുന്നതിനും, വിദ്യാർത്ഥി തലത്തിൽ രണ്ടാം സെമെസ്റ്റർ കോഴ്സ് രജിസ്ട്രേഷനുള്ള അവസാന തീയതി ദീർഘിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

## കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്

3589 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ 2015-2017 വർഷങ്ങളിൽ എം.ടെക് ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗ് പഠിച്ച വിദ്യാർത്ഥികൾക്ക് ഇതുവരെ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ സംവിധാനം വഴിയോ തപാൽ വഴിയോ മാർക്ക് ലിസ്റ്റ് ലഭ്യമാക്കി ഉപരിപഠനം നടത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(ബി) കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ലഭിക്കാൻ പ്രസ്തുത വിദ്യാർത്ഥികൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കുമോ; വിശദമാക്കാമോ;

(സി) മേൽ പ്രസ്ഥാവിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ലഭിക്കാൻ ഓൺലൈൻ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

## കാസറഗോഡ് ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ പഠന നിലവാരം

3590 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) കാസറഗോഡ് എൽ. ബി. എസ്. എഞ്ചിനീയറിംഗ് കോളേജിൽ ബി. എസ്. സി. നഴ്സിംഗ് കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിൽ കോഴ്സുകളിൽ കാലാനുസൃത മാറ്റം വരുത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## <u>കോഴിക്കോട് ഗവ. എഞ്ചിനീയറിംഗ് കോളേജ് മാറ്റി സ്ഥാപിക്കൽ</u>

3591 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവ. എഞ്ചിനീയറിംഗ് കോളേജ് പുതിയ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഭൂമിയാണ് ഇതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച്</u>

3592 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ന് ശേഷം സംസ്ഥാനത്ത് സർക്കാർ / എയ്ഡഡ് മേഖലയിൽ പുതിയ പോളിടെക്നിക്ക് കോളേജ് അനുവദിച്ചിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ?

## <u>ഗവൺമെന്റ് പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ലക്ചറർ തസ്തിക</u>

3593 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പോളിടെക്നിക്കുകളിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ലക്ചറർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് പോളിടെക്നിക്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ;

(സി) ഈ സർക്കാർ വന്നതിനു ശേഷം പോളിടെക്നിക്കുകളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>പുതിയ പോളിടെക്നിക്കുകൾ</u>

3594 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പോളിടെക്നിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## വിളപ്പിൽ പോളിടെക്നിക്കിൽ സീനിയർ ക്ലർക്കിന്റെ സേവനം

3595 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ പോളിടെക്'നിക് കോളേജിലെ സ്പെഷ്യൽ ഓഫീസറെ സഹായിക്കുന്നതിനായി ഒരു സീനിയർ ക്ലർക്കിന്റെ സേവനം കൂടി അനുവദിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ സേവനം വിട്ടു നൽകാൻ നടപടി സ്വീകരിക്കുമോ?

## ചേലാട് പോളിടെക്നിക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ

3596 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് പോളിടെക്നിക് കോളേജിന്റെ പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ടൈപ്പ്റൈറ്റിംഗ് പരീക്ഷയുടെ അപേക്ഷ

3597 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഓൺലൈൻ വഴി അപേക്ഷിക്കുന്ന കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയുടെ അപേക്ഷയുടെയും അനുബന്ധരേഖകളുടെയും പകർപ്പുകൾ പരീക്ഷഭവനിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ വ്യവസ്ഥ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയുടെ ചോദ്യപേപ്പർ പരീക്ഷ കഴിഞ്ഞാലുടൻ തന്നെ ചില പരീക്ഷാ സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരീക്ഷ കഴിഞ്ഞാലുടൻ തന്നെ ചോദ്യപേപ്പർ വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയിൽ മലയാളം ഹൈസ്പീഡ്, ഹിന്ദി ഹൈസ്പീഡ് എന്നിവ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ പരീക്ഷകളുടെ സെക്കന്റ് പേപ്പറുകളുടെ "ഫോർമാറ്റ്"കളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## <u>വ്യവസായ മേഖലയ്ക്ക് ആവശ്യമായ മനുഷ്യവിഭവശേഷി സൃഷ്ടിക്കൽ</u>

3598 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം സൃഷ്ടിക്കുന്ന പുതിയ സൺറൈസ് വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതികവൈദഗ്ദ്ധ്യം ഉള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് നിലവിൽ സാധ്യമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വ്യവസായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് കോഴ്സുകൾ രൂപകൽപന ചെയ്യുന്നതിനും വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിനും സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് നിലവിൽ സംവിധാനങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) വിവര സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം സൃഷ്ടിക്കുന്ന പുതിയ വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതികവൈദഗ്ദ്ധ്യം ഉള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ സജ്ജമാക്കുന്നതിന് ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

## <u>കെ. ജി. റ്റി. കൊമേഴ്സ് ഗ്രൂപ്പ് സിലബസ് പരിഷ്കരണം</u>

3599 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി. കൊമേഴ്സ് ഗ്രൂപ്പ് പരീക്ഷയുടെ സിലബസ് പരിഷ്കരണത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളും വിദ്യാർത്ഥിക്കൂട്ടായ്മകളും നൽകിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിലബസ് പരിഷ്കരണ കമ്മിറ്റിയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും യോഗ്യതയും വ്യക്തമാക്കാമോ;

(സി) കമ്പ്യൂട്ടർ ടൈപ്പിങ്ങിന് സഹായകമായി കൂടുതൽ വേഗതയും കൃത്യതയും നൽകുന്ന ശാസ്ത്രീയമായ ടൈപ്പ്റൈറ്റിങ് പഠനത്തിന് പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.ജി.റ്റി. കൊമേഴ്സ് ഗ്രൂപ്പ് കോഴ്സിന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ സംഘടനകളും വിദ്യാർത്ഥിക്കൂട്ടായ്മകളും ആവശ്യപ്പെട്ടത് പ്രകാരം സിലബസ് പുനഃപരിശോധിച്ച് അതിൽ നിന്നും വിട്ടുപോയ അടിസ്ഥാന വിഷയമായ ടൈപ്പ്റൈറ്റിംഗ് കൂട്ടിച്ചേർക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) അംഗീകൃത സംഘടനകളുമായി 30.11.2022ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നടന്ന മീറ്റിങ്ങിലെ തീരുമാനങ്ങൾ അംഗീകരിച്ചു കൊണ്ട് സർക്കാർ നൽകിയ ജെ.1/369/2022/ഉ.വി.വ കത്ത് പ്രകാരം അംഗീകൃത സംഘടനകളുടെ

കീഴിലുള്ള കെ.ജി.റ്റി. കൊമേഴ്സ് ഗ്രൂപ്പ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ രജിസ്ട്രേഷൻ നടപടികളിൽ കാലതാമസം നേരിടുന്നത് പരിഹരിക്കുമോ?

**കോളേജുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ**

3600 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് വലിയവെളിച്ചത്ത് മതിയായ സൗകര്യങ്ങളോടെ പ്രവർത്തിച്ചു വരുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത കോളജിൽ ന്യൂജനറേഷൻ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

**കുറിച്ചി ടെക്നിക്കൽ സ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി**

3601 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിച്ചി ടെക്നിക്കൽ സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് 10.01.2025 ലെ സ.ഉ.(സാധാ) നം.59/2025/HEDN പ്രകാരം തുക അനുവദിച്ചതിന് ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ, ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

**ഐ.എച്ച്.ആർ.ഡി.യ്ക്ക് കീഴിലുള്ള കോളേജുകൾ, ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ വികസനം**

3602 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി.യ്ക്ക് കീഴിലുള്ള കോളേജുകൾ, ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവയുടെ പശ്ചാത്തല വികസനത്തിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ഐ.എച്ച്.ആർ.ഡി.കോളേജ്, ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ വികസനത്തിന് തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**സർട്ടിഫിക്കറ്റുകളുടെ വിതരണത്തിൽ കാലതാമസം**

3603 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ ബിരുദ ബിരുദാനന്തര സർട്ടിഫിക്കറ്റുകളുടെ വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ഓരോ സർവകലാശാലയിലും ബിരുദ ബിരുദാനന്തര സർട്ടിഫിക്കറ്റുകൾക്ക് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, എത്ര സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## കാര്യവട്ടം ക്യാമ്പസിൽ നടന്ന റാഗിംഗ്

3604 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കാര്യവട്ടം ക്യാമ്പസിൽ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥി ക്രൂരമായ റാഗിംഗിന് വിധേയമായ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിന് നേതൃത്വം നൽകിയത് പ്രമുഖ വിദ്യാർത്ഥി സംഘടനയുടെ നേതാക്കളാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## എൽ.എൽ.ബി. കോഴ്സുകൾക്ക് സേ മാതൃകയിൽ പരീക്ഷ

3605 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി. അവസാന വർഷ പരീക്ഷയിൽ ഒരു പേപ്പർ പരാജയപ്പെട്ടാൽ പ്രസ്തുത പേപ്പർ എഴുതി എടുക്കുന്നതിന് അടുത്ത വർഷം വരെ കാത്തിരിക്കേണ്ട അവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇവർക്ക് സേ മാതൃകയിൽ പരീക്ഷ നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഫൈനൽ ഇയർ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് അവരുടെ വർഷം സേവ് ചെയ്യുന്നതിന് സെപ്റ്റംബറിൽ ഒരു പരീക്ഷ കൂടി നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഇതിന്റെ പ്രായോഗികത വിശദീകരിക്കാമോ;

(സി) ഇതുസംബന്ധിച്ച് വിദ്യാർത്ഥി സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; ഏതെല്ലാം സംഘടനകളാണ് നിവേദനം സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ ചോദ്യബാങ്ക്

3606 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷ നടത്തിപ്പിന് ചോദ്യബാങ്ക് ഉപയോഗിച്ച് ചോദ്യപേപ്പറുകൾ തയാറാക്കുന്ന

രീതി അവലംബിക്കണമെന്ന് റെഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ബി) നാലു വർഷ ബിരുദ വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ അപ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണോ തയ്യാറാക്കിയിരുന്നതെന്നും അല്ലെങ്കിൽ ആയതിന്റെ കാരണവും വിശദമാക്കാമോ;

(സി) പ്രസ്തുത ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ സർവ്വകലാശാലയും നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാലകളിൽ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റികളുൾപ്പെടെയുള്ള വിവിധ കമ്മിറ്റികളുടെ വിശദാംശങ്ങളും അവയിലെ അംഗങ്ങളുടെ ഔദ്യോഗിക മേൽവിലാസം, സാങ്കേതിക യോഗ്യതകൾ എന്നിവയും ലഭ്യമാക്കാമോ?

## <u>സ്വകാര്യ സർവ്വകലാശാലകൾ</u>

3607 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ നിലവിൽ വരുമ്പോൾ ഫീസ് നിർണയത്തിൽ ഉൾപ്പെടെ സർക്കാരിന് എന്തൊക്കെ ഇടപെടലുകൾ നടത്താനാകും എന്ന് വ്യക്തമാക്കുമോ; പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ അക്കാദമിക പ്രാതിനിധ്യം ഉറപ്പാക്കുന്ന രീതിയിൽ സർക്കാരിന് എന്തൊക്കെ ഇടപെടലുകൾ നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ രണ്ടു കാര്യങ്ങൾക്കും അനുയോജ്യമായ എന്തൊക്കെ വ്യവസ്ഥകളാണ് സ്വകാര്യ സർവ്വകലാശാല സംബന്ധിച്ച നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വ്യക്തമാക്കുമോ?

## <u>യു.ജി.സി.യുടെ കരട് നയം</u>

3608 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈസ് ചാൻസിലർ നിയമനത്തിൽ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്ത യു.ജി.സി.യുടെ കരട് നയത്തിൽ സംസ്ഥാനം ഏതൊക്കെ കാര്യങ്ങളിലാണ് വിയോജിപ്പ് അറിയിച്ചിട്ടുള്ളത് വിശദാംശം വ്യക്തമാക്കുമോ; ഈ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

## <u>ക്യാമ്പസ് മർദ്ദനങ്ങൾ തടയാൻ നടപടി</u>

3609 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിക്കുന്നതിനായി

ഇടിമുറികൾ പ്രവർത്തിക്കുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) തിരുവനന്തപുരം കാര്യവട്ടം ക്യാമ്പസിൽ കോളേജ് ഗ്രൗണ്ടിൽവച്ചും പിന്നീട് ക്യാമ്പസിനുള്ളിലെ ഇടിമുറിയിലേക്ക് കൊണ്ടുപോയും ക്രൂരമായി മർദ്ദിക്കപ്പെട്ടുവെന്ന ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കോളേജുകളിൽ ഇടിമുറികൾ ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## നവകേരളം പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്

3610 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നൽകുന്ന നവകേരളം പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഇപ്പോൾ എത്ര പേർക്ക് ആണ് നൽകുന്നതെന്നും ഇതിനായി പ്രതിമാസം എത്ര ലക്ഷം രൂപയാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) മുൻ വർഷങ്ങളിൽ എത്ര പേർക്ക് ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## ദ്വിവത്സര എൽ.എൽ.എം കോഴ്സ്

3611 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകാലശാലയിലെ അഫിലിയേറ്റഡ് ലോ കോളേജുകളിലെ ദ്വിവത്സര എൽ.എൽ.എം. കോഴ്സ് ഫലപ്രഖ്യാപനമുൾപ്പെടെ പൂർത്തിയാകുന്നതിന് രണ്ട് വർഷത്തിലധികം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് പരീക്ഷാ രജിസ്ട്രേഷനായി ഓൺലൈൻ സംവിധാനം നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

## നാലുവർഷ ബിരുദ കോഴ്സ്

3612 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ പുതുതായി ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സ് പഠിപ്പിക്കുന്നതിനായി അസിസ്റ്റന്റ് പ്രൊഫസർമാരെ തെരഞ്ഞെടുത്ത റാങ്ക് പട്ടിക റദ്ദാക്കിയോ; റാങ്ക് പട്ടിക റദ്ദാക്കാനുള്ള കാരണം എന്താണ്; പകരം അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; യുജിസി ചട്ടമനുസരിച്ചാണോ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചത്; വിശദമാക്കാമോ?

## കേരള യൂണിവേഴ്സിറ്റിയിലെ ആസ്പയർ സ്കോളർഷിപ്പ്

3613 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-2025 അധ്യയന വർഷം ഗവേഷണ വിദ്യാർത്ഥികൾക്കായുള്ള ആസ്പയർ സ്കോളർഷിപ്പിന് കേരള സർവകലാശാലയിലെ എതെല്ലാം പഠന വിഭാഗങ്ങളിൽ നിന്നും എത്ര വിദ്യാർത്ഥികളെ വീതമാണ് പരിഗണിച്ചിട്ടുള്ളതെന്ന വിവരം വേർതിരിച്ച് ലഭ്യമാക്കാമോ;

(ബി) 2024-25 ൽ ആസ്പയർ സ്കോളർഷിപ്പിനായി സർക്കാർ എത്ര തുക കേരള യൂണിവേഴ്സിറ്റിയ്ക്ക് അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക സ്കോളർഷിപ്പ് നൽകുന്നതിനല്ലാതെ യൂണിവേഴ്സിറ്റി ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള സർവകലാശാലയുടെ വിജ്ഞാപനം പ്രകാരം ആസ്പയർ സ്കോളർഷിപ്പിനായി പി.ജി.-യ്ക്ക് കുറഞ്ഞത് എത്ര ശതമാനം മാർക്ക് ആവശ്യമാണെന്ന് വ്യക്തമാക്കാമോ; 2024-25 വർഷത്തെ സ്കോളർഷിപ്പിനായി പി.ജി.-യ്ക്ക് എത്ര ശതമാനം മാർക്ക് നേടിയ വിദ്യാർത്ഥികളെയാണ് നിലവിൽ സർവകലാശാല പരിഗണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) 2024-25 ൽ ഹിന്ദി വിഭാഗത്തിൽ എത്ര വിദ്യാർത്ഥികൾക്കാണ് ആസ്പയർ സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്; കൂടുതൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ്; വ്യക്തമാക്കാമോ;

(ഇ) ആസ്പയർ സ്കോളർഷിപ്പ് കൂടുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഒഴിവുകൾ

3614 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2024 ജനുവരി മുതൽ നാളിതുവരെ ഏതെങ്കിലും യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടോ; എങ്കിൽ എത്ര; വിശദമാക്കാമോ;

(ബി) 2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിലെ എത്ര പ്രതീക്ഷിത ഒഴിവുകളാണ് പ്രസ്തുത സർവ്വകലാശാലയിൽ നിന്ന് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്ന് അറിയിക്കുമോ;

(സി) 09.12.2024 ലെ സർക്കാർ ഉത്തരവ് (നം.) ഉപ.സി3/200/2024/പി&എ.ആർ.ഡി. പ്രകാരം 2025-ലെ എല്ലാ മുൻകൂർ ഒഴിവുകളും 2024 ഡിസംബർ 25-ന് മുമ്പ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം മഹാത്മ ഗാന്ധി സർവകാലാശാലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിലെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ഒഴിവുകൾ ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ എന്നിവയ്ക്ക് വേണ്ടി മാറ്റിവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കണ്ണൂർ സർവ്വകലാശാല അസോസിയേറ്റ് പ്രൊഫസ്സർ നിയമനങ്ങൾ

3615 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസറുടെ നിയമനത്തിന് എഫ്.ഡി.പി ഗവേഷണ കാലയളവ് അധ്യാപന പരിചയമായി കണക്കാക്കാമെന്ന നിലപാട് സർവ്വകലാശാല അധികൃതർ സ്വീകരിച്ചിരുന്നെങ്കിലും ഇപ്പോൾ അസോസിയേറ്റ് പ്രൊഫസ്സർ നിയമനങ്ങൾക്ക് ഗവേഷണ കാലയളവ് ഒഴിവാക്കി അധ്യാപന പരിചയം മാത്രമേ കണക്കാക്കുകയുള്ളു എന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; സർവ്വകലാശാല നിയമനങ്ങളിൽ വ്യത്യസ്ത നിലപാടുകൾ കൈക്കൊള്ളുന്നതിന്റെ കാരണം എന്താണ്; വിശദമാക്കാമോ?

## കണ്ണൂർ സർവ്വകലാശാലയുടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് കോഴ്സ്

3616 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയുടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് കോഴ്സ് എന്നത് കണ്ണൂർ സർവ്വകലാശാലയുടെ ബി.എസ്.സി. ഫാഷൻ ആൻഡ് അപ്പാരൽ ഡിസൈനിംഗിന്റെ ഉയർന്ന കോഴ്സാണ് എന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഇത് സംബന്ധിച്ച് കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാമോ?

## നാലുവർഷ ബിരുദ കോഴ്സ്

3617 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ യൂണിവേഴ്സിറ്റിയിലും നാലുവർഷ ബിരുദ കോഴ്സിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം കോഴ്സ് തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത കോഴ്സുകൾക്ക് യു.ജി.സി. യോഗ്യതയുള്ള എത്ര സ്ഥിരം അധ്യാപകരെ നിയമിച്ചിട്ടുണ്ട്; എത്ര താൽക്കാലിക അധ്യാപകരെ നിയമിച്ചിട്ടുണ്ട്;

(ബി) യു.ജി.സി. ചട്ടപ്രകാരം എത്ര ശതമാനം താൽക്കാലിക അധ്യാപകരെയാണ് നിയോഗിക്കുവാൻ സാധിക്കുന്നത്; താൽക്കാലിക അധ്യാപകർക്ക് നൽകുന്ന ശമ്പള സ്കെയിലുകൾ എപ്രകാരമാണ്; സ്ഥിരം അധ്യാപകരെ നിയമിക്കുന്നത് വരെ ഇവരുടെ ശമ്പള സ്കെയിൽ ഉയർത്തി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) യു.ജി.സി. യോഗ്യതയുള്ള സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സ്വകാര്യ സ്വകാര്യ സർവ്വകലാശാലകളിലെ സംവരണം

3618 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ തുടങ്ങാനുള്ള തീരുമാനത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) സ്വകാര്യ സർവ്വകലാശാലകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാമ്പത്തിക, സാമുദായികസംവരണം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ;

(സി) സ്വകാര്യ സർവ്വകലാശാലകളുടെ ഫീസിന്റെ കാര്യത്തിൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ; വിശദമാക്കുമോ?

## സർവ്വകലാശാലകളുടെ റാങ്കിംഗ്

3619 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മറ്റ് സർവ്വകലാശാലകളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ റാങ്കിംഗിന്റെ അംഗീകൃത സ്ഥാനക്രമം പട്ടികയായി ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്നും ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ളവരാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ഗുണനിലവാരം മെച്ചപ്പെട്ടതാണെന്ന് കരുതുന്നുണ്ടെങ്കിൽ അതിന് ഉപോൽബലകമായ സ്ഥിതിവിവര കണക്കുകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

## സർവ്വകലാശാലകളിലെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ

3620 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം, ഗ്രേഡ് കാർഡുകളും സർട്ടിഫിക്കറ്റുകളും അനുവദിക്കൽ തുടങ്ങി വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട മുഴുവൻ സേവനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർവ്വകലാശാലകൾ വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും കൈവരിച്ച നേട്ടങ്ങളും വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലയിലെ ഡിജിറ്റലൈസേഷന്റെ ഭാഗമായി നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ് വെയറുകളിൽ സർവ്വകലാശാലകളിലെ സാങ്കേതിക വിഭാഗം നേരിട്ട് വികസിപ്പിച്ചെടുത്തവ ഏതെല്ലാമാണെന്നും ബാഹ്യ ഏജൻസികളുടെ സോഫ്റ്റ് വേയറുകൾ ഏതെല്ലാമാണെന്നും അവയോരോന്നും ഏതെല്ലാം സേവനങ്ങൾക്കാണ് ഉപയോഗിച്ചുവരുന്നതെന്നും വിശദമാക്കാമോ;

(സി) ഡിജിറ്റലൈസേഷന്റെ ഭാഗമായി നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ് വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത എന്നിവ പരിശോധിക്കുന്നതിനും ആവശ്യമായ അപ്ഡേഷൻ വരുത്തുന്നതിനുമായി ഉപയോഗിക്കുന്ന സംവിധാനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിവിധ കോഴ്സുകളിലെ പ്രവേശനവും പരീക്ഷയുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് സർവ്വകലാശാലകളുടെ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ഫീസ് സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഓരോ സർവ്വകലാശാലകളിലും ഡിജിറ്റലൈസേഷൻ, സോഫ്റ്റ് വേയർ ഡെവലപ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗം/ബ്രാഞ്ച് ഏതാണെന്നുള്ള വിവരവും പ്രസ്തുത വിഭാഗത്തിന് കീഴിൽ നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നല്കിയയിനത്തിൽ ഓരോ സർവ്വകലാശാലയും 2023-24 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷം, ജീവനക്കാരുടെ എണ്ണം, തുക എന്ന ക്രമത്തിൽ ലഭ്യമാക്കാമോ;

(ജി) സർവ്വകലാശാലകളിലെ പ്രവേശനം,പരീക്ഷ നടത്തിപ്പ്, അക്കാദമികവും ഭരണപരവുമായ സംവിധാനങ്ങൾ തുടങ്ങിയവയുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി ഓരോ സർവ്വകലാശാലയും 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

## സ്വകാര്യ സർവകലാശാലകൾ

3621 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുമ്പോൾ സംവരണ തത്വങ്ങൾ പാലിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) വിവിധ കോഴ്സുകൾക്ക് പലതരം സംവരണ മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ മൾട്ടി ഡിസിപ്ലിനറി സർവകലാശാലകൾ ഏതു രീതിയിൽ സംവരണ ക്രമം പാലിക്കും എന്ന് വ്യക്തമാക്കാമോ?

## പി.ജി. മെഡിക്കൽ പ്രവേശനത്തിന് സംസ്ഥാന ക്വാട്ട

3622 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ജി. മെഡിക്കൽ പ്രവേശനത്തിന് നിലവിൽ ഉണ്ടായിരുന്ന 50% സംസ്ഥാന ക്വാട്ട സുപ്രീം കോടതി റദ്ദാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വകാര്യ സർവകലാശാലകളിലെ പി.ജി. മെഡിക്കൽ കോഴ്സുകളിൽ 40% സീറ്റുകൾ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി നീക്കി വയ്ക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; മേൽപ്പറഞ്ഞ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇത് പ്രായോഗികമാണോ; വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**യൂണിവേഴ്സിറ്റി കോളേജിലെ ഭിന്നശേഷിക്കാരനായ വിദ്യാർത്ഥിക്കേറ്റ മർദ്ദനം**

3623 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഭിന്നശേഷിക്കാരനായ വിദ്യാർത്ഥിയെ പ്രമുഖ വിദ്യാർഥി സംഘടനയുടെ നേതാക്കൾ ക്രൂരമായി മർദ്ദിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഇതേ സംഘടനയുടെ പ്രവർത്തകനായ പ്രസ്തുത വിദ്യാർഥിയെ കോളേജിലെ യൂണിയൻ റൂമിൽ കൊണ്ടുപോയി മർദ്ദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാർഥിയുടെ പരാതിയെക്കുറിച്ച് വസ്തുനിഷ്ഠമായ അന്വേഷണം നടത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല**

3624 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് വേണ്ടി കഴിഞ്ഞ ബജറ്റിൽ സർക്കാർ ഗ്രാന്റ് ഇനത്തിൽ എത്ര തുകയാണ് അനുവദിച്ചത്; ഈ തുക എത്രയായി വെട്ടിച്ചുരുക്കി; നാളിതുവരെ എത്ര തുക വിതരണം ചെയ്തു; വിശദാംശം ഇനം തിരിച്ചു ലഭ്യമാക്കുമോ;

(ബി) സർക്കാർ ഗ്രാന്റ് അനുവദിക്കാത്തതിനാൽ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ അധ്യാപകർക്കും അനധ്യാപകർക്കും ശമ്പളം മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിൽ ഗ്രാന്റ് പ്രതിമാസം ആണോ നൽകുന്നത്; ഈ രീതിയിൽ മാറ്റം വരുത്തിയത് എന്നുമുതലാണ്; മുൻപ് എപ്രകാരമായിരുന്നു വിതരണം ചെയ്തിരുന്നത്;

(ഡി) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് ശമ്പള ഗ്രാന്റ് ഇനത്തിൽ വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

**സ്വകാര്യ സർവ്വകലാശാലകളുടെ കടന്നുവരവ്**

3625 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ കടന്നുവരുമ്പോൾ പൊതു സർവ്വകലാശാലകൾ ഏതൊക്കെ തരത്തിലുള്ള വെല്ലുവിളികൾ നേരിടാൻ സാധ്യതയുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വകാര്യ സർവ്വകലാശാലകൾ അനുവദിക്കുന്ന സാഹചര്യത്തിൽ പൊതു സർവ്വകലാശാലകളുടെ കാര്യക്ഷമതയും കാലികമായ പരിഷ്കരണവും ഉറപ്പാക്കുന്നതിനായി സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതു സർവ്വകലാശാലകളുടെ ധനകാര്യ സംഘാടനവും പരിഷ്കരണവും പഠന വിധേയമാക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലുള്ള പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## സ്വകാര്യ സർവകലാശാലകളുടെ നിയന്ത്രണം

3626 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കാനിരിക്കുന്ന സ്വകാര്യ സർവ്വകലാശാലകളിൽ എപ്രകാരമാണ് സർക്കാർ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ സർവ്വകലാശാലകളിലെ ഫീസിന്റെ കാര്യത്തിൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്വകാര്യ സർവ്വകലാശാലകളിൽ ഫീസ് ആനുകൂല്യങ്ങൾ നൽകാൻ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഗവേഷക വിദ്യാർത്ഥികളുടെ ഫീസ് ഘടന

3627 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2021-22, 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിലെ വിവിധ സർവ്വകലാശാലകളിലെ ഗവേഷക വിദ്യാർത്ഥികളുടെയും പാർട്ട് ടൈം ഗവേഷക വിദ്യാർത്ഥികളുടെയും വിവിധ കാറ്റഗറിയിലെ ഫീസിന്റെ ഘടന, ഗവേഷണ കേന്ദ്രങ്ങളിലെ അഫിലിയേഷൻ ഫീസിന്റെ ഘടന, ഉത്തരക്കടലാസിന്റെ പുനപരിശോധന, പകർപ്പ്, സൂക്ഷ്മ പരിശോധന എന്നിവയ്ക്കുള്ള ഫീസിന്റെ ഘടന എന്നിവ വർഷം തിരിച്ച് ലഭ്യമാക്കുമോ?

## സർവകലാശാല റെഗുലേഷന് വിരുദ്ധമായ പ്രവേശനവും പരീക്ഷ രജിസ്ട്രേഷനും

3628 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ അതത് സമയങ്ങളിൽ പ്രാബല്യത്തിലുള്ള റെഗുലേഷനുകൾ പ്രകാരം വിവിധ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനം, പരീക്ഷ രജിസ്ട്രേഷൻ, പരീക്ഷയിലെ ജയപരാജയങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകൾ വ്യക്തമാക്കാറുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) വിവിധ പ്രോഗ്രാമുകളുടെ റെഗുലേഷനിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്കു വിരുദ്ധമായി പ്രവേശനം, പരീക്ഷ രജിസ്ട്രേഷൻ എന്നിവയിൽ മാനുഷിക പരിഗണ ചൂണ്ടിക്കാട്ടി സർവ്വകലാശാല സിൻഡിക്കേറ്റും മറ്റു സമിതികളും ക്രമപ്പെടുത്തിനല്കുന്ന പ്രവണത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അത്തരം പ്രവണതകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കാമോ;

(സി) 2021-22 അധ്യയന വർഷം മുതൽ വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് റെഗുലേഷനിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്കു വിരുദ്ധമായി പ്രവേശനം അനുവദിക്കുകയും പിന്നീട് പ്രവേശനം ക്രമപ്പെടുത്തിനല്കുകയും ചെയ്തു വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അധ്യയന വർഷം, എണ്ണം, പ്രോഗ്രാം, കോളേജ്/സർവ്വകലാശാല, പഠന വകുപ്പ് എന്നിവ സർവ്വകലാശാല തിരിച്ചു ലഭ്യമാക്കാമോ;

(ഡി) 2021-22 അധ്യയന വർഷം മുതൽ വിവിധ പ്രോഗ്രാമുകളിലെ പരീക്ഷ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് റെഗുലേഷനിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്കു വിരുദ്ധമായി പരീക്ഷ രജിസ്ട്രേഷൻ അനുവദിക്കുകയും പിന്നീട് ആയത് ക്രമപ്പെടുത്തിനല്കുകയും ചെയ്തു വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അധ്യയന വർഷം, എണ്ണം, പരീക്ഷ, കോഴ്സ്, സെമസ്റ്റർ/ഇയർ, പ്രോഗ്രാം, കോളേജ് /സർവ്വകലാശാല, പഠന വകുപ്പ് എന്നിവ സർവ്വകലാശാല തിരിച്ചു ലഭ്യമാക്കാമോ?

## സ്വകാര്യ സർവ്വകലാശാലകൾ

3629 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ സർവ്വകലാശാലകളെ ക്ഷണിച്ചുകൊണ്ട് 2016 ൽ സർക്കാർ സംഘടിപ്പിച്ച ആഗോള വിദ്യാഭ്യാസ സമ്മേളനത്തിനെതിരെ നടന്ന സമരത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; എന്തെല്ലാം വാദഗതികൾ ഉന്നയിച്ചാണ് വിദ്യാർത്ഥി സംഘടനകൾ പ്രതിഷേധിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ സ്വകാര്യ സർവ്വകലാശാലകൾ ആരംഭിയ്ക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിനെതിരെ ഏതെല്ലാം വിദ്യാർത്ഥി സംഘടനകളാണ് പ്രതിഷേധം അറിയിച്ചിട്ടുള്ളതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിയ്ക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സർവ്വകലാശാല പ്രതിനിധികളെ ക്ഷണിച്ചുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള വിദ്യാഭ്യാസ സമ്മേളനങ്ങൾ നടത്തുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി

3630 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിൽ 2014-16 കാലഘട്ടത്തിൽ നടന്ന ലോക്കൽ എരിയാ നെറ്റ് വർക്കിംഗ് പ്രവൃത്തിയിൽ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ എന്തുനടപടികളാണ് സർവകലാശാല സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ക്രമക്കേടിന് ഉത്തരവാദിയായി കണ്ടെത്തിയ ഉദ്യോഗസ്ഥനെ കുറ്റവിമുക്തനായി പ്രഖ്യാപിക്കുന്നതിന് മുമ്പ് ധനകാര്യ വകുപ്പിന്റെ വിശദീകരണം തേടിയിരുന്നോ; വ്യക്തമാക്കാമോ?

## <u>എൻ.സി.സി. കേഡറ്റ്സിന്റെ റിഫ്രഷ്മെന്റിനായുള്ള ഫണ്ട്</u>

3631 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അക്കാദമിക വർഷത്തിൽ എൻ.സി.സി. കേഡറ്റ്സിന്റെ റിഫ്രഷ്മെന്റിനായുള്ള ഫണ്ട് അനുവദിക്കാത്തതിനാൽ ഭക്ഷണം ലഭ്യമാക്കിയ കോൺട്രാക്ടർക്ക് അസോസിയേറ്റ് എൻ.സി.സി. ഓഫീസർമാരായ അധ്യാപകർ തന്നെ തുക നൽകേണ്ട സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി പരിഹരിക്കാൻ താമസംവിനാ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) 2024 -25 അക്കാദമിക വർഷത്തിലെ പരേഡ് പൂർത്തിയായ സാഹചര്യത്തിൽ ഈ വർഷത്തെ റിഫ്രഷ്മെന്റ് തുക അനുവദിക്കുന്നതിനുള്ള കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ; പ്രസ്തുത ഫണ്ട് ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) അസോസിയേറ്റ് എൻ.സി.സി. ഓഫീസർമാരുടെ ഓണറേറിയത്തിൽ എത്ര വർഷത്തെ സംസ്ഥാന വിഹിതം നൽകുവാനുണ്ട്; ആയത് ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>എൻ.സി.സി കേഡറ്റുകൾ</u>

3632 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അധ്യയന വർഷം എൻ.സി.സി കേഡറ്റുകൾക്ക് എൻ.സി.സി ഓഫീസർമാർ നൽകിയ റിഫ്രഷ്മെന്റ് ഇനത്തിലെ തുക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മുൻകാലങ്ങളിൽ റിഫ്രഷ്മെന്റ് ഇനത്തിൽ ഓരോ കേഡറ്റിനും ഒരു പരേഡിന് എത്ര രൂപയാണ് നൽകിയതെന്ന് അറിയിക്കാമോ;

(സി) ഈ വർഷം കേഡറ്റുകളുടെ റിഫ്രഷ്മെന്റ് ഇനത്തിലെ തുകയ്ക്ക് എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷത്തെ റിഫ്രഷ്മെന്റ് ഇനത്തിലെ കുടിശ്ശിക മുഴുവനായി കോളജുകൾക്ക്

വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം**

3633 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എന്നാണ് ആരംഭിച്ചിട്ടുള്ളത്; പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതികൾ**

3634 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

**പോഷക ബാല്യം പദ്ധതി**

3635 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോഷക ബാല്യം പദ്ധതി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ അങ്കണവാടികളിൽ വിതരണം ചെയ്യുന്ന പാൽ, മുട്ട എന്നിവയ്ക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും ഇതിന്റെ വിതരണം മുടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഇവ അങ്കണവാടികളിൽ എത്തിക്കുന്നതിനുള്ള ചെലവ് ആരാണ് വഹിക്കുന്നതെന്ന് വിശദീകരിക്കാമോ?

**സാമൂഹ്യനീതി വകുപ്പിലെ പദ്ധതികൾ**

3636 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് സാമൂഹ്യനീതി വകുപ്പിലെ പദ്ധതികൾ മുൻഗണന അടിസ്ഥാനത്തിൽ പുന:ക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**ആശ്വാസകിരണം പദ്ധതി**

3637 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയിൽ ഏത് തീയതി വരെ അപേക്ഷ നൽകിയവർക്കാണ് നിലവിൽ ധനസഹായം നൽകി വരുന്നത്;

(ബി) ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകർക്ക് പുതിയതായി ധനസഹായം നൽകാനുണ്ട്; വ്യക്തമാക്കുമോ?

**<u>വയോജന ക്ഷേമം ഉറപ്പാക്കാനുള്ള പദ്ധതികൾ</u>**

3638 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന ക്ഷേമം ഉറപ്പാക്കാൻ സർക്കാർ പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) വൃദ്ധസദനങ്ങൾ നിരീക്ഷിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഏന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>മിഠായി പദ്ധതിയുടെ ഉപകേന്ദ്രം</u>**

3639 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ പ്രമേഹ ചികിത്സയ്ക്കായി സർക്കാർ ആരംഭിച്ച മിഠായി പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ നാളിതുവരെ ആകെ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; കുട്ടികളുടെ പ്രായവും തദ്ദേശ സ്ഥാപനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ മിഠായി ക്ലിനിക്കിൽ ഇൻസുലിൻ മുടങ്ങുന്നതുമൂലം മിഠായി പദ്ധതിയിൽ ഉൾപ്പെട്ടവർ പുറത്തുള്ള മെഡിക്കൽ ഷോപ്പിൽ നിന്നും സ്വന്തമായി പണം കൊടുത്ത് ഇൻസുലിൻ വാങ്ങേണ്ടി വരുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(സി) വടകരയിൽ നിന്നും ഒന്നരമണിക്കൂറോളം കുട്ടികളുമായി യാത്ര ചെയ്തു കോഴിക്കോട് എത്തി ചികിത്സ തേടേണ്ടി വരുമ്പോൾ രക്ഷിതാക്കൾക്ക് വലിയ യാത്രാബുദ്ധിമുട്ടും യാത്രാചെലവും ഒരു ദിവസത്തെ ജോലി നഷ്ടവും ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വലിയ യാത്രാക്ലേശം അനുഭവിക്കുന്ന മലയോരമേഖലയായ വടകര മേഖലയിൽ നിന്നുള്ള കുട്ടികൾക്കായി വടകര ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് മിഠായി പദ്ധതിയുടെ ഒരു ഉപകേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ആശ്വാസ കിരണം പദ്ധതി</u>**

3640 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആശ്വാസ കിരണം പദ്ധതിയിലൂടെ അരുവിക്കര മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും വർഷം തിരിച്ച് അറിയിക്കുമോ?

## സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തിരമുള്ള പദ്ധതികൾ

3641 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തിരം സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ പദ്ധതി മുഖാന്തിരവും എത്രപേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര തുക ചെലവിട്ടിട്ടുണ്ടെന്നും വിശദമാക്കാമോ?

## നിരാമയ ഇൻഷ്വറൻസ് പദ്ധതി

3642 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വൈകല്യമുള്ളവർക്കായി നടപ്പാക്കി വരുന്ന നാഷണൽ ട്രസ്റ്റിന്റെ നിരാമയ ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനത്തെ ഗുണഭോക്താക്കൾക്കുള്ള പ്രീമിയം തുക മുൻപ് സർക്കാരാണോ വഹിച്ചിരുന്നതെന്നും പ്രസ്തുത പ്രീമിയം തുക ഗുണഭോക്താക്കൾക്കായി ഒടുക്കുന്നതിൽ നിന്ന് സർക്കാർ പിന്മാറിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; പിൻമാറിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) മാനസികവൈകല്യമുള്ളവർക്കായി നടപ്പിലാക്കി വരുന്ന നാഷണൽ നിരാമയ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളുടെ പ്രീമിയം തുക സർക്കാർ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

3643 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സിനു മുകളിൽ പ്രായമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 2016 മുതലുള്ള ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള തുക വിനിയോഗിച്ച് 2016 മുതൽ നാളിതുവരെ സ്ഥാപിച്ചിട്ടുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എവിടെയെല്ലാമാണെന്നും അതിന് ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) പതിനെട്ട് വയസ്സിനു മുകളിൽ പ്രായമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 2016 മുതലുള്ള ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ലാപ്സായി പോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) 2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് വേണ്ടിയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ബജറ്റ് വിഹിതം ഇതുവരേക്കും ചെലവഴിച്ചിട്ടില്ലെങ്കിൽ അത് ലാപ്സായി പോകാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇത്തരക്കാർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

<u>**മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമം**</u>

3644 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്ര പുരോഗതിക്ക് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്രസർക്കാർ ഡി.ഡി.ആർ.എസ് ഗ്രാൻഡ് (ദീൻ ദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം) നൽകുന്ന സ്പെഷ്യൽസ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രായപരിധി 23 വയസ്സാണ് എന്നിരിക്കെ സംസ്ഥാനത്ത് സംസ്ഥാന സർക്കാർ അംഗീകാരം നൽകി ഗ്രാന്റ് നൽകുന്ന സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രായപരിധി 18 വയസ്സിൽ നിന്ന് 23 വയസ്സായി പുനർ നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 2016 ലെ ആർ.പി.ഡബ്ല്യൂ.ഡി. ആക്ടിൽ ഭിന്നശേഷിക്കാർക്ക് മറ്റു വിഭാഗങ്ങളെക്കാൾ 25% പെൻഷൻ അധികം നൽകണമെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ഇവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ 2000 രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും സമയബന്ധിതമായി നൽകുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) 18 വയസ്സിന് മുകളിൽ പ്രായമുള്ള മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് മുൻകാലങ്ങളിൽ ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ ഇവ ചെലവഴിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ?

<u>**സ്പെഷ്യൽ സ്കൂളുകൾക്ക് സഹായം ലഭ്യമാക്കുന്നതിന് നടപടി**</u>

3645 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിനും പരിശീലനത്തിനും സ്പെഷ്യൽ സ്കൂളുകൾക്ക് നൽകിയിരുന്ന സഹായം വിദ്യാഭ്യാസ

വകുപ്പ് തുടർന്ന് നൽകാത്ത സാഹചര്യത്തിൽ ഇത്തരം കുട്ടികളുടെ പഠന - പരിശീലനങ്ങൾക്കായി സാമൂഹ്യ നീതി വകുപ്പ് പ്രത്യേകം പദ്ധതി തയ്യാറാക്കുമോ;

(ബി) ഇവരെ പരിശീലിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് നേരത്തെ ലഭിച്ചിരുന്ന സഹായങ്ങൾ തുടർന്നും ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി

3646 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഭിന്നശേഷിക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## വയോജനമേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

3647 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനമേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഓർമവൈകല്യംമൂലം ദുരിതമനുഭവിക്കുന്ന വയോജനങ്ങൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കിടപ്പുരോഗികളായ വയോജനങ്ങൾക്കായി പ്രത്യേക സംരക്ഷണകേന്ദ്രം ഒരുക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

## പഞ്ചായത്തുതല നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിക്കുന്നതിന് നടപടി.

3648 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിലെ പഞ്ചായത്തുതല നിർവ്വഹണ ഉദ്യോഗസ്ഥരായി സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സാമൂഹ്യനീതി വകുപ്പിലെ പഞ്ചായത്തുതല നിർവ്വഹണ ഉദ്യോഗസ്ഥർ

3649 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിലെ പഞ്ചായത്തുതല നിർവ്വഹണ ഉദ്യോഗസ്ഥരായി സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക</u>

3650 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ നിന്ന് ആരെങ്കിലും പുറത്താക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർ പുറത്താക്കപ്പെട്ടിട്ടുണ്ടെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) ലിസ്റ്റിൽ നിന്നും പുറത്താക്കപ്പെട്ടവർക്കും സഹായം നൽകുമെന്ന് വാഗ്ദാനം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വാഗ്ദാനം അനുസരിച്ച് എന്തെല്ലാം തരത്തിലുള്ള സഹായം എപ്പോൾ നൽകുമെന്ന് അറിയിക്കുമോ;

(സി) എൻഡോസൾഫാൻ സെൽ നിലവിലുണ്ടോയെന്നും ചെയർമാൻ ആരാണെന്നും സെൽ അവസാനമായി യോഗം ചേർന്നത് എപ്പോഴാണെന്നും വെളിപ്പെടുത്തുമോ?

## <u>വയോജന സംരക്ഷണപദ്ധതി</u>

3651 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെച്ചപ്പെട്ട ജീവിത സൗകര്യത്തിനും ഉന്നത പഠനത്തിനുമായി യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കുൾപ്പെടെ പുതിയ തലമുറ പോകുമ്പോൾ ഒറ്റപ്പെട്ടുപോകുന്ന വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃദ്ധജനങ്ങളുടെ ജീവിതം സന്തോഷപ്രദമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ വൃദ്ധസദനങ്ങൾ, വയോജനകേന്ദ്രങ്ങൾ എന്നിവ സർക്കാർ, സ്വകാര്യ-ചാരിറ്റബിൾ സൊസൈറ്റി എന്നിവയുടെ ഉടമസ്ഥതയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഉൾപ്പടെ വയോജന ക്ഷേമത്തിനും സംരക്ഷണത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## <u>ട്രാൻസ്ജെൻഡറുകൾക്ക് ചികിത്സാ ധനസഹായം</u>

3652 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡറുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ട്രാൻസ്മാൻ, ട്രാൻസ്വുമൻ വിഭാഗങ്ങളിലായി എത്രപേർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ട്രാൻസ്ജെൻഡറുകൾക്ക് തുടർചികിത്സാ സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള പ്രായപരിധി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>വെള്ളിമാട്ടുകുന്ന് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സ് നവീകരണം</u>**

3653 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളിമാട്ടുകുന്നിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിന്റെ നവീകരണത്തിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത കോംപ്ലക്സിലെ സുരക്ഷ കൂട്ടുതൽ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കോംപ്ലക്സിന്റെ ചുറ്റുമതിലിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**<u>വൈപ്പിൻ മണ്ഡലത്തിലെ അലിയാർ സ്മാരക വായനശാല കെട്ടിടം</u>**

3654 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ മാലിപുറത്ത് പ്രവർത്തിക്കുന്ന അലിയാർ സ്മാരക വായനശാലയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് 22.07.2024-ലെ ഉന്നതവിദ്യാഭ്യാസ (എ) വകുപ്പിലെ എ2/149/2024/HEDN നമ്പർ ഫയലിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയോട് ആവശ്യപ്പെട്ട അടിയന്തര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ധനസഹായം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>ഗതാഗത വകുപ്പിലെ പദ്ധതികൾ</u>**

3655 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് ഗതാഗത വകുപ്പിലെ പദ്ധതികൾ മുൻഗണന അടിസ്ഥാനത്തിൽ പുന:ക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കാൻ നടപടി

3656 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരന്തരം റോഡപകടങ്ങൾക്കും അതുമൂലമുള്ള മരണങ്ങൾക്കും കാരണമാവുന്ന ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മത്സരയോട്ടം നിയന്ത്രിക്കുന്നതിനായി, പെർമിറ്റ് അനുവദിക്കുമ്പോൾ സമയം ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യം

3657 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനപ്പെരുപ്പത്തിന് അനുസരിച്ചാണോ നിലവിലുള്ള റോഡുകളുടെ സൗകര്യങ്ങൾ എന്നത് സംബന്ധിച്ച് ഗതാഗത വകുപ്പ് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ബി) നഗരങ്ങളിൽ കാൽനടയാത്രക്കാരുടെ പൊതുഗതാഗത സംവിധാനങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുമായി ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

## കെ.എസ്.ആർ.ടി.സി. ക്ക് സാമ്പത്തിക സഹായം

3658 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ ഓരോ സാമ്പത്തിക വർഷവും കെ.എസ്.ആർ.ടി.സി.യ്ക്ക് എത്ര രൂപ വീതമാണ് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്; ഇതിൽ വായ്പ ഇനത്തിലും ഗ്രാന്റായും എത്ര രൂപ വീതം അനുവദിച്ചു; ആയത് ഏതൊക്കെ ഇനത്തിലേക്കാണ് അനുവദിച്ചതെന്നും അതിൽ എത്ര രൂപ വീതം ഓരോ സാമ്പത്തിക വർഷവും വിനിയോഗിച്ചിട്ടുണ്ടെന്നും; എന്തിന് വേണ്ടിയാണെന്നും വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സുരക്ഷിതയാത്ര

3659 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്ര സുരക്ഷിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ യാത്രക്കിടയിൽ അഗ്നിക്കിരയാകുന്നത് വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ കൃത്യമായ ഇടവേളകളിൽ സാങ്കേതിക പരിശോധനയും അറ്റകുറ്റപ്പണികളും നടത്തി യാത്രയ്ക്ക് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ പഴക്കംചെന്ന പൊതുഗതാഗതയോഗ്യമല്ലാത്ത ബസ്സുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി. യിലെ ടിക്കറ്റേതര വരുമാനം

3660 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി

3661 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഇന്ധനച്ചെലവ് കുറയ്ക്കാനുള്ള നടപടികൾ

3662 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) വാഹനങ്ങളിൽ ഇന്ധനക്ഷമത കൈവരിക്കുന്നതിനായി ഡ്രൈവർമാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇന്ധനച്ചെലവും മലിനീകരണതോതും കുറഞ്ഞ ഇലക്ട്രിക് ബസ്സുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഡീസൽ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തികലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക്, ഡീസൽ ബസ്സുകളുടെ എണ്ണം എത്രയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഇടപെടലുകൾ

3663 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വിനോദസഞ്ചാരത്തിനായി നിലവിൽ എത്ര സർവ്വീസുകളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി- എൻ .പി .എസ്</u>**

3664 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ 2016 മേയ് മുതൽ 2024 ഡിസംബർ വരെ എൻ.പി.എസ്. ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം എത്ര രൂപ പിടിച്ചിട്ടുണ്ട്; പ്രസ്തുത കാലയളവിൽ പ്രതിമാസം എൻ.പി.എസ് ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. എത്ര രൂപ ഒടുക്കിയിട്ടുണ്ട് ?

**<u>കെ.എസ്.ആർ.ടി.സി. യുടെ അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ</u>**

3665 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ കെ.എസ്.ആർ.ടി.സി. യുടെ അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ ആരംഭിക്കാനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി. നടത്തുന്ന കൊറിയർ സർവ്വീസ്</u>**

3666 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നടത്തുന്ന കൊറിയർ സർവ്വീസിനെപ്പറ്റിയും ആയതിന്റെ ഡിപ്പോകളിലെ സമയക്രമത്തെപ്പറ്റിയും വിശദമാക്കാമോ;

(ബി) പ്രസ്തുത കൊറിയർ സർവ്വീസ് കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ട്രാക്കിംഗ്, എസ്.എം.എസ്. അപ്ഡേറ്റ് എന്നീ സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തി കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസിനെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുടിശ്ശിക</u>**

3667 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുടിശ്ശിക ഡി.എ. എന്തുകൊണ്ടാണ് അനുവദിക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആയത് ഏത് മാസം അനുവദിക്കും;

(ബി) പ്രതിമാസം പതിനാറ് ഫിസിക്കൽ ഡ്യൂട്ടി ഇല്ലാത്തവർക്ക് ആ മാസങ്ങളിലെ ശമ്പള അരിയർ ഏതൊക്കെ മാസങ്ങളിൽ കുടിശ്ശികയുണ്ടെന്നും ആ ഇനത്തിലെ പ്രതിമാസ കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പി.എഫ്. ഇനത്തിൽ 2021 ജനുവരി മുതൽ 2024 ഡിസംബർ വരെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കെ.എസ്.ആർ.ടി.സി. ഈടാക്കിയിട്ടുള്ള തുക എത്രയാണെന്ന പ്രതിമാസ കണക്കുകൾ വ്യക്തമാക്കാമോ; പി.എഫ്. ട്രസ്റ്റ് ഫണ്ടിലേക്ക് 2021 ജനുവരി മുതൽ 2024 ഡിസംബർ വരെ കെ.എസ്.ആർ.ടി.സി. എത്ര രൂപ വീതം പ്രതിമാസം നിക്ഷേപിച്ചിട്ടുണ്ടെന്നും ഇതേ കാലയളവിൽ ജീവനക്കാർക്ക് പ്രതിമാസം എത്ര രൂപ പി.എഫ്. ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## <u>തിരൂർ മണ്ഡലത്തിലെ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ</u>

3668 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരേക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരൂരിലേക്കും തിരൂരിൽ നിന്ന് മറ്റു പ്രദേശങ്ങളിലേക്കും സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ് ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർവ്വീസുകളുടെ വിശദവിവരവും നിർത്തലാക്കിയതിന്റെ കാരണവും ലഭ്യമാക്കാമോ;

(ബി) മേൽ പ്രസ്താവിച്ച സർവ്വീസുകൾ അല്ലാതെ 2016 മുതൽ നാളിതുവരേക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരൂർ മണ്ഡലത്തിലെ ഏതെങ്കിലും പ്രദേശങ്ങളിലൂടെ കടന്നുപോയിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ് ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർവ്വീസുകളുടെ വിശദവിവരവും നിർത്തലാക്കിയതിന്റെ കാരണവും ലഭ്യമാക്കാമോ;

(സി) തിരൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർവ്വീസുകളുടെ വിശദവിവരവും നിർത്തലാക്കിയതിന്റെ കാരണവും ലഭ്യമാക്കാമോ;

(ഡി) തിരൂർ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടി കടന്നു പൊയ്ക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

## <u>കെ.എസ്.ആർ.ടി.സി. ആറ്റിങ്ങൽ ഡിപ്പോയിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾ</u>

3669 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ നിർത്തി വച്ച കെ.എസ്.ആർ.ടി.സി. ആറ്റിങ്ങൽ ഡിപ്പോയിൽ നിന്നും സർവ്വീസ് ആരംഭിച്ച് ആലംകോട് മണനാക്ക് കവലിയൂർ-വർക്കല ക്ഷേത്രം വഴി പരവൂരിലേക്ക് പോകുന്നതും തിരികെ വരുന്നതുമായ ബസ്സ് സർവ്വീസും, ആറ്റിങ്ങൽ നിന്ന് ആരംഭിച്ച് കൊല്ലംമ്പുഴ കവലിയൂർ വഴി വർക്കല എത്തി തിരികെ ചെറുന്നിയൂർ താന്നിമൂട് വഴി ആറ്റിങ്ങലിൽ തിരികെയെത്തുന്ന ഓർഡിനറി വേണാട് സർവ്വീസും പുന:രാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

3670 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(ബി) 2011-16 കായളവിലും 2016-21 കാലയളവിലും 2021 മുതൽ നാളിതുവരെയും കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ നൽകിയ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കെ.എസ്.ആർ.ടി.സി. യിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ വിജിലൻസ് വിംഗ്

3671 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ വിജിലൻസ് വിംഗിൽ വിവിധ വിഭാഗം ജീവനക്കാരെ അംഗങ്ങളാക്കിയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സുകളിൽ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് സൗജന്യ നിരക്കിലോ, വാടക ഇളവിലോ ഓഫീസ്/കെട്ടിട സൗകര്യങ്ങൾ അനുവദിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യിലെ അദർ ഡ്യൂട്ടി

3672 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ നാളിതുവരെ പ്രതിമാസം എത്ര ജീവനക്കാരാണ് കെ.എസ്.ആർ.ടി.സി.യിൽ സർവ്വീസിലിരിക്കെ മരണപ്പെട്ടിട്ടുള്ളത്; അവരുടെ പേരും തസ്തികയും ഡിപ്പോയും മരണ കാരണങ്ങളും ഉൾപ്പെടെ വ്യക്തമാക്കാമോ;

(ബി) 2024 ഡിസംബറിൽ കെ.എസ്.ആർ.ടി.സി.യിലെ എത്ര ജീവനക്കാർ മെഡിക്കൽ ബോർഡ് അനുമതിയോടെ ലൈറ്റ് ഡ്യൂട്ടി/അദർ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു എന്നും ഏതൊക്കെ അസുഖങ്ങൾ കാരണമാണ് ഇവർക്ക് ലൈറ്റ് ഡ്യൂട്ടി/അദർ ഡ്യൂട്ടി അനുവദിച്ചത് എന്നും ഇവരുടെ പേര്, കാറ്റഗറി, ഡിപ്പോ, വയസ്സ് എന്നിവയും വ്യക്തമാക്കാമോ; ഇത്തരത്തിൽ മെഡിക്കൽ ബോർഡ് അനുമതി ഇല്ലാതെ ആരെങ്കിലും അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടിയിൽ പ്രസ്തുത കാലയളവിൽ ജോലി ചെയ്തിരുന്നോ; ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## <u>കാസർഗോഡ് ഡിപ്പോയിലെ കടമുറികളുടെ ഡെപ്പോസിറ്റ് തുക</u>

3673 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ .എസ്.ആർ.ടി.സി. ഡിപ്പോയിലെ കടമുറികൾ കരാർ പ്രകാരം വാടകയ്ക്ക് എടുത്തവരുടെ ഡെപ്പോസിറ്റ് തുക, കരാർ കാലാവധി കഴിഞ്ഞ് കടമുറി ഒഴിഞ്ഞുപോയതിന് ശേഷം, തിരികെ നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര രൂപയാണ് കുടിശ്ശികയായി നൽകുവാൻ ഉള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>രാത്രിസമയത്ത് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ എല്ലാ ലോക്കൽ സ്റ്റോപ്പുകളിലും നിർത്തുന്നതിനുള്ള ഉത്തരവ്</u>

3674 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രിസമയത്ത് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ എല്ലാ ലോക്കൽ സ്റ്റോപ്പുകളിലും മുതിർന്ന പൗരൻമാർക്കും സ്ത്രീകൾക്കും വേണ്ടി നിർത്തുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## <u>പതിനഞ്ച് വർഷം തികയുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ</u>

3675 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 മേയ് മാസത്തിൽ പതിനഞ്ച് വർഷം തികയുന്ന എത്ര ബസുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടെന്ന് വ്യക്തമാക്കുമോ?

## <u>ചലോ ആപ്പ് കമ്പനിയുടെ ഇ.റ്റി.എം.</u>

3676 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്ആർ.ടി.സി. കെ-റെയിൽ വഴിയാണോ ചലോ ആപ്പ് കമ്പനിയുടെ ഇ.റ്റി.എം. വാങ്ങിയിരിക്കുന്നത് എന്ന് അറിയിക്കാമോ; ചലോ ആപ്പ് കമ്പനിയിൽ നിന്നും കെ.എസ്.ആർ.ടി.സി വാങ്ങിയ ഇ.റ്റി.എം മെഷീൻ ഇടപാടിൽ കെ-റെയിൽ കൺസൾട്ടൻസി മെയിൻ കോൺട്രാക്ടോ സബ് കോൺട്രാക്ടോ ആയി ഭാഗവാക്കായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കരാർ രേഖകൾ മുഴുവനും ലഭ്യമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. നിലവിൽ ഉപയോഗിക്കുന്ന Microfx കമ്പനിയുടെ ഇ.റ്റി.എമ്മുകൾക്ക് ഇനി എത്ര വർഷം കരാർ കാലാവധി ബാക്കിയുണ്ട് എന്ന് അറിയിക്കാമോ; ചലോ ആപ്പ് കമ്പനിയുമായോ കെ-റെയിലുമായോ കെ.എസ്.ആർ. ടി.സി., ഇ.റ്റി.എമ്മുമായി ബന്ധപ്പെട്ട് ഏതെങ്കിലും കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ കരാറുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

**<u>മാവേലിക്കര കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക്ഷോപ്പിന്റെ പുനരുദ്ധാരണം</u>**

3677 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക്ഷോപ്പിന്റെ പുനരുദ്ധാരണം ഉൾപ്പെടെ വിവിധ പദ്ധതികൾക്ക് 2018-19 മുതൽ അനുവദിക്കപ്പെട്ട തുകയും അവയുടെ വിനിയോഗവും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി.യുടെ ടൂർ പാക്കേജുകൾ</u>**

3678 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് ടൂർ പാക്കേജുകൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിലുള്ള ടൂർ പാക്കേജുകളുടെ വിശദമായ ലിസ്റ്റ് അനുബന്ധമായി നൽകാമോ ;

(സി) കഴിഞ്ഞ വർഷം ടൂർ പാക്കേജുകൾ ഉപയോഗിച്ചവരുടെ എണ്ണം അറിയിക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ ടൂർ പാക്കേജുകൾ വിപുലീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് അറിയിക്കാമോ?

**<u>കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകൾ</u>**

3679 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 03-02-2025, 04-02-2025, 05-02-2025 ദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഓരോ ഡിപ്പോയിലും എത്ര കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരെ ഉപയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

**<u>മാവേലിക്കര കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ</u>**

3680 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയുമായി ബന്ധപ്പെട്ട് അനുവദിക്കപ്പെട്ട സർക്കാർ, എം.എൽ.എ. ഫണ്ടുകൾ എത്രയെന്ന് അറിയിക്കുമോ; അവയുടെ വിനിയോഗവും, പദ്ധതികളുടെ തൽസ്ഥിതിയും സംബന്ധിച്ച വിവരം നൽകുമോ; വിശദമാക്കുമോ?

**<u>മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ദിവസേനയുള്ള സർവ്വീസുകൾ</u>**

3681 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ദിവസേന എത്ര സർവ്വീസുകൾ നിലവിൽ നടത്തുന്നുണ്ട്;

(ബി) ഈ സർവ്വീസുകൾ നടത്തുന്നതിന് എത്ര ജീവനക്കാർ ആവശ്യമുണ്ട്;

(സി) പ്രസ്തുത ഡിപ്പോയിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ഡി) ജീവനക്കാരുടെ കുറവ് മൂലം സർവ്വീസുകൾ വെട്ടിച്ചുരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് എന്തെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

**ഇരിക്കൂർ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

3682 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഇരിക്കൂർ മണ്ഡലത്തിലൂടെ നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മലയോര മേഖലയിൽ സർവ്വീസ് നടത്തിയിരുന്ന പ്രസ്തുത ഹ്രസ്വ - ദീർഘദൂര സർവ്വീസുകൾ നിർത്തലാക്കിയതുമൂലം യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുഗതാഗത സൗകര്യം തീരെയില്ലാത്ത ഗ്രാമീണ മേഖലയിൽ പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാനും അവർക്ക് യാത്രാസൗകര്യം ഒരുക്കാനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയം**

3683 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിൽ അപാകതയുണ്ടെന്ന് ചെന്നൈ ഐ.ഐ.ടി. കണ്ടെത്തിയ കോഴിക്കോട് കെ.എസ്.ആർ.ടി.സി. സുമച്ചയം ബലപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സമുച്ചയത്തിലെ കടമുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്നത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

3684 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ആർ.ടി.സി. റൂട്ടുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) 2016 ന് ശേഷം മണ്ഡലത്തിൽ റദ്ദ് ചെയ്തതും പുതുതായി ആരംഭിച്ചതുമായ സർവ്വീസുകൾ ഏതൊക്കെയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

**മാനന്തവാടിയിലേക്കുള്ള ബസുകളുടെ പാർക്കിംഗ് ക്രമീകരണം**

3685 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്നും കുറ്റ്യാടി വഴി മാനന്തവാടിയിലേക്കുള്ള ബസ്സുകൾ കോഴിക്കോട് കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിലെ വയനാട് പാർക്കിംഗ് ലോട്ടിൽ നിന്ന് യാത്ര ആരംഭിക്കുന്ന തരത്തിൽ ക്രമീകരിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ</u>**

3686 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലൂടെ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലൂടെ പുതിയ റൂട്ട് പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

**<u>ശ്രീകാര്യം-പൗഡിക്കോണം-പോത്തൻകോട് ബസ് സർവ്വീസ്</u>**

3687 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ ശ്രീകാര്യം പൗഡിക്കോണം പോത്തൻകോട് ബസ്സ് സർവ്വീസ് സംബന്ധിച്ച് ചെമ്പഴന്തി ആവുക്കളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എം.എ.സി.ആർ.എ. (MACRA) സെക്രട്ടറി ഗതാഗത വകുപ്പ് മന്ത്രിയ്ക്ക് 25.07.2024-ൽ നൽകിയ എം.എ.സി.ആർ.എ. 12/2024 നമ്പർ പരാതിയിന്മേൽ (2029/എൻ./കെ. എസ്. ആർ. റ്റി. സി./2024) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ ഏത് ഓഫീസിലാണ് പരാതി പരിഹരിക്കപ്പെടാതെ ഇപ്പോഴും പെന്റിംഗായി നിൽക്കുന്നതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പരാതി അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഇടറോഡുകളിലേക്കുള്ള ബസ് സർവ്വീസ്</u>**

3688 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഇടറോഡുകളിലേക്കുള്ള ബസ്സ് സർവ്വീസുകൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിയ്ക്കുമോ; കുരുതംകോട്, കീഴാറൂർ, വാളിക്കോട്, കൊറ്റംപള്ളി എന്നിവിടങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ ജനോപകാരപ്രദമായി പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് നിർത്തലാക്കിയ സർവ്വീസുകൾ</u>**

3689 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്തിരുന്ന ഏതെല്ലാം സർവ്വീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്; ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ബസ് സർവ്വീസുകൾ നിർത്തലാക്കിയ റൂട്ടുകളിലെ യാത്രക്കാർക്ക് യാത്രചെയ്യുന്നതിനായി എന്തെല്ലാം ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

**<u>പാലക്കാട് ജില്ലയിലെ പാലക്കുഴിയിൽ നിന്നും കോട്ടയം ജില്ലയിലെ പാലായിലേക്കുള്ള ബസ് സർവ്വീസ്</u>**

3690 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പാലക്കുഴിയിൽ നിന്നും കോട്ടയം ജില്ലയിലെ പാലായിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**<u>കണ്ണൂർ ഡിപ്പോയിൽ നിന്നുള്ള ലോ ഫ്ളോർ എ.സി. ബസുകൾ</u>**

3691 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ലോ ഫ്ളോർ എ.സി. ബസ്സുകൾ കണ്ണൂർ ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്നുണ്ടോ; സർവ്വീസ് തുടങ്ങുന്ന സ്ഥലം , അവസാനിക്കുന്ന സ്ഥലം ,സമയ ക്രമീകരണങ്ങൾ എന്നിവ സഹിതം വിശദമാക്കാമോ;

(ബി) കൂടുതൽ ലോ ഫ്ളോർ ബസ്സുകൾ കണ്ണൂരിൽ അനുവദിക്കുന്നത് ആലോചനയിലുണ്ടോ; വിശദമാക്കാമോ?

**<u>കോഴിക്കോട് നഗരത്തിൽ കെ.എസ്.ആർ.ടി.സി. സിറ്റി ബസ്സ് സർവ്വീസ്</u>**

3692 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ പുതുതായി നിർമ്മിച്ച ബൈപ്പാസ് കേന്ദ്രീകരിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. സിറ്റി ബസ്സ് സർവ്വീസ് ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ;

(ബി) നഗരത്തിൽ നിർത്തലാക്കിയ ടൗൺ ടു ടൗൺ സർവ്വീസിന്റെ സ്റ്റോപ്പുകൾ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരത്ത് അനുവദിച്ചതുപോലെ നഗര കാഴ്ചകൾക്കായി പ്രത്യേക സർവ്വീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

**<u>ബാലുശ്ശേരി മണ്ഡലത്തിലെ വയലട പ്രദേശത്തേക്ക് കെ.എസ്.ആർ. ടി. സി. ബസ്സ് സർവ്വീസ്</u>**

3693 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ആദിവാസി ജനവിഭാഗങ്ങൾ താമസിക്കുന്ന വയലട പ്രദേശത്തേക്ക് താമരശ്ശേരി കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുമുള്ള ബസ് സർവ്വീസ് നിലവിൽ നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രവും, ട്രൈബൽ ജനവിഭാഗങ്ങൾ താമസിക്കുന്നതുമായ വയലട പ്രദേശത്തേക്ക് കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി

3694 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ പടപ്പക്കര-കുമ്പളം-പേരയം-കുണ്ടറ വഴി തിരുവനന്തപുരം വരെ നടത്തിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് നിലവിൽ നിർത്തിവയ്ക്കപ്പെട്ടിരിക്കുകയാണ് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആർ.സി.സി., മെഡിക്കൽ കോളേജ്, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിലേയ്ക്ക് പൊതുജനങ്ങൾക്ക് എത്തിച്ചേരുന്നതിന് ഉപകാരപ്പെടുന്ന പ്രസ്തുത ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കാസർകോട് മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് കൺസഷൻ

3695 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റ് ഇളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) 2024 - 25 വർഷം എത്ര വിദ്യാർത്ഥികൾക്കാണ് ടിക്കറ്റ് ഇളവ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) വിദ്യാർത്ഥികൾക്ക് ഗുണകരവും സൗകര്യപ്രദവുമായ രീതിയിൽ ടിക്കറ്റ് കൺസഷൻ പാസ് അനുവദിക്കുന്നതിന് കാസർകോട് കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

## കൊണ്ടോട്ടി ആർ.ടി.ഒ. സബ് ഓഫീസിൽ എം.വി.ഐ. നിയമനം

3696 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ആർ.ടി.ഒ. സബ് ഓഫീസ് പ്രവർത്തനം ആരംഭിച്ചത് എന്ന് മുതലാണ് എന്നും നിലവിൽ ഏതെല്ലാം തസ്തികകളാണ് ഇവിടെ ഉള്ളത് എന്നും വ്യക്തമാക്കുമോ; ഈ ഓഫീസിൽ 2021 മുതൽ പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഡ്രൈവിംങ് ടെസ്റ്റ് നടത്തുന്നതിന് ഇവിടെ എത്ര അപേക്ഷകൾ പെൻഡിംങ് ഉണ്ടെന്നും 2024 ജനവരി മുതൽ 2025 ഫെബ്രുവരി 1 വരെ ഒരോ മാസവും എത്ര ഡ്രൈവിങ് ടെസ്റ്റുകൾ ഇവിടെ നടത്തിയിട്ടുണ്ട് എന്നും മാസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) എം.വി.ഐ. തസ്തികയിൽ ഒരാൾ മാത്രം ഉള്ളത് കൊണ്ട് ദിവസം എത്ര പേർക്കാണ് ഇപ്പോൾ ടെസ്റ്റിന് അനുമതി നൽകുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഓഫിസിന്റെ ഗുണഭോക്താക്കളുടെ എണ്ണം കണക്കിലെടുത്ത് അധികമായി ഒരു എം.വി.ഐ.-ക്ക് കൂടി സ്ഥിരം നിയമനമോ, അല്ലെങ്കിൽ താൽക്കാലിക അടിസ്ഥാനത്തിലുള്ള നിയമനമോ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## സോളാർ ഇലക്ട്രിക് ബോട്ടുകളുടെ നിർമ്മാണം

3697 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സർവ്വീസുകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ജലഗതാഗത വകുപ്പ് ആധുനിക സൗകര്യങ്ങളോട് കൂടിയ സോളാർ ഇലക്ട്രിക് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ബോട്ട് നിർമ്മാണം വേഗത്തിൽ പൂർത്തീകരിച്ച് ടൂറിസം മേഖല സജീവമാക്കുന്നതിനുള്ള നടപടി വേഗത്തിൽ സ്വീകരിക്കുമോ?

## ജലഗതാഗത വകുപ്പിലെ ബോട്ടുകൾ

3698 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ജലഗതാഗത വകുപ്പിൽ പുതുതായി അനുവദിച്ച ബോട്ടുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ബോട്ടുകൾ നിലവിൽ ഏതെല്ലാം സ്റ്റേഷനുകളിൽ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നത് എന്ന് വിശദമാക്കാമോ;

(സി) പുതുതായി അനുവദിച്ച ബോട്ടുകളിൽ ഏതെല്ലാം ബോട്ടുകളിൽ എ.എം.സി. സംവിധാനം ഉണ്ട് എന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ ജലഗതാഗത വകുപ്പിൽ സർവ്വീസ് നടത്തുന്ന എത്ര ബോട്ടുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ഇ) നിലവിൽ ജലഗതാഗത വകുപ്പിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ, അവ നിർമ്മിച്ച വർഷം, സർവ്വീസ് നടത്തുന്ന സ്റ്റേഷൻ, എന്നിവ സംബന്ധിച്ച വിശദവിവരം നൽകാമോ?

## പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ചുള്ള ബോട്ട് സർവ്വീസ്

3699 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പയ്യന്നൂർ നഗരസഭ, വലിയപറമ്പ്, പടന്ന തുടങ്ങിയ ഗ്രാമപ്പഞ്ചായത്തുകളെ ബന്ധിപ്പിച്ച് പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ച് എത്ര ബോട്ട് സർവ്വീസാണ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) കാലാവധി കഴിയുന്ന ബോട്ടുകൾക്ക് പകരമായി പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് സർവീസ് ആക്കാൻ കഴിയുന്ന തരത്തിൽ പുതിയ സോളാർ ബോട്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>സിറ്റിസൺ സെന്റിനൽ ആപ്പ്</u>

3700 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയ സിറ്റിസൺ സെന്റിനൽ ആപ്പിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## <u>മോട്ടോർ വാഹന വകുപ്പിലെ അഴിമതി</u>

3701 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 2024-25 വർഷത്തിൽ മോട്ടോർ വാഹന വകുപ്പിലെ എത്ര ജീവനക്കാരാണ് വിജിലൻസ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## <u>മലപ്പുറം ആർ.ടി.ഒ.</u>

3702 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ആർ.ടി.ഒ. പരിധിയിൽ ഡ്രൈവിംഗ് ടെസ്റ്റ് അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് അടുത്ത മൂന്നുമാസത്തേക്ക് അനുവദിച്ചിട്ടുള്ള അപ്പോയിന്റ്മെന്റുകളുടെ എണ്ണം വിശദമാക്കാമോ;

(ബി) മലപ്പുറം ആർ.ടി.ഒ. പരിധിയിൽ നിലവിലുള്ള ടെസ്റ്റ് ബാച്ച് എത്രയെന്നുള്ള വിവരവും അവർ ഓരോ ദിവസവും അറ്റൻഡ് ചെയ്യുന്ന ഡ്രൈവിംഗ് ടെസ്റ്റ് ഡ്യൂട്ടിയുടെ വിശദാംശവും അറിയിക്കുമോ;

(സി) അപേക്ഷകർക്ക് ആനുപാതികമായി മലപ്പുറത്ത് ടെസ്റ്റ് ബാച്ച് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ ടെസ്റ്റ് ബാച്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആയിരക്കണക്കിന് അപേക്ഷകർ ഡ്രൈവിംഗ് ടെസ്റ്റ് അപ്പോയ്ന്റ്മെന്റ് ലഭിക്കാതെ കാത്തിരിക്കുന്ന സാഹചര്യത്തിൽ പുതിയ ടെസ്റ്റ് ബാച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. 05/11/24-ന് നൽകിയ

പി.യു./70/24/എം.വി.ഡി./എം.പി.എം. നമ്പർ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

**ആർ. സി. ഡിജിറ്റൽ കാർഡ് പദ്ധതി**

3703 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ പുതുതായി നടപ്പിലാക്കുന്ന ആർ. സി. ഡിജിറ്റൽ കാർഡ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ആർ.സി. ബുക്കുകൾ ലഭിക്കുന്നതിലുള്ള കാലതാമസം**

3704 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വാഹനങ്ങൾക്ക് ആർ.സി. ബുക്കുകൾ ലഭിക്കുന്നതിന് ആറു മാസത്തിൽ കൂടുതൽ സമയമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ആർ.സി. ബുക്കുകൾ ലഭ്യമാവാത്ത പക്ഷം ഏതൊക്കെ രേഖകളാണ് വാഹനത്തിൽ കരുതേണ്ടത് എന്ന് അറിയിക്കാമോ?

**മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ**

3705 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര അംഗീകൃത ഡ്രൈവിംഗ് സ്കൂളുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ എന്തെങ്കിലും പുതിയ നിർദ്ദേശം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് അനധികൃതമായി ഡ്രൈവിംഗ് സ്കൂളുകൾ നടത്തുന്നത് മോട്ടോർ വാഹന വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകൾക്ക് എതിരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

**സംസ്ഥാനത്ത് പുതിയ ആർ.ടി.ഒ / എസ്.ആർ.ടി.ഒ. ഓഫീസുകൾ**

3706 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന വർദ്ധനവിന് ആനുപാതികമായി ആർ.ടി.ഒ./എസ്.ആർ.ടി.ഒ. ഓഫീസുകൾ നിലവിലുണ്ടോയെന്നും പുതിയ എസ്.ആർ.ടി.ഒ. ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ;

(ബി) ഉദ്യോഗസ്ഥക്ഷാമം മൂലം ഡ്രൈവിംഗ് ലൈസൻസ്, വാഹനങ്ങളുടെ ആർ.സി. ബുക്കുകൾ, വെഹിക്കിൾ റീ ടെസ്റ്റ്, നിയമലംഘനങ്ങളുടെ ചെല്ലാൻ അയക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ കുറവ്

3707 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ നിലവിൽ എത്ര മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും കുറവുണ്ടെന്നതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സാഹചര്യം ചൂണ്ടിക്കാട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്നതിന്റെ വിശദ വിവരം ലഭ്യമാക്കുമോ?

## മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥ ക്ഷാമം

3708 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥ ക്ഷാമം പരിഹരിക്കുന്നതിനും സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡ് 24 മണിക്കൂർ പ്രവർത്തിക്കുന്നതിനും വേണ്ടി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്മേൽ ഗവൺമെൻറ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ; പ്രസ്തുത പ്രൊപ്പോസൽ പ്രകാരം ഏതൊക്കെ തസ്തികകളിലാണ് അധിക പോസ്റ്റുകൾ വേണ്ടി വരുന്നതെന്നും പുതുതായി പോസ്റ്റുകൾ സൃഷ്ടിക്കേണ്ടി വരുന്നതെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ മോട്ടോർ വാഹന വകുപ്പിൽ ഉദ്യോഗസ്ഥ ക്ഷാമം നേരിടുന്നുണ്ടോ, ഇത് മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ആയത് തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

## മോട്ടോർ വാഹന രജിസ്ട്രേഷൻ

3709 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഭാരത് രജിസ്ട്രേഷൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പ് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ

എന്ന് മുതലാണ് രജിസ്ട്രേഷൻ നടപടി ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; ഇതിൻ പ്രകാരം എത്ര അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കാലപ്പഴക്കം ചെന്ന വാഹനങ്ങളുടെ പൊളിക്കൽ

3710 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ പൊളിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അംഗീകൃത കേന്ദ്രങ്ങൾ നിലവിലുണ്ടോ;

(ബി) എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പ്രസ്തുത കേന്ദ്രങ്ങൾ ഉറപ്പുനൽകുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ വാഹനങ്ങൾ സ്ക്രാപ്പ് ചെയ്താൽ ഉടമയ്ക്ക് പുതിയ വാഹനം വാങ്ങുമ്പോൾ എന്തെങ്കിലും ആനുകൂല്യങ്ങളോ മറ്റെന്തെങ്കിലും ഇളവുകളോ ലഭ്യമാണോ; വിശദമാക്കുമോ?

## മോട്ടോർ വാഹനവകുപ്പിൽ വെബ് ആപ്ലിക്കേഷൻ

3711 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പെർമിറ്റ് എന്നിവയുടെ കമ്പ്യൂട്ടറൈസ്ഡ് സേവനങ്ങൾക്കായി പ്രത്യേകം വെബ് ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത ആപ്ലിക്കേഷനിലൂടെ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആപ്ലിക്കേഷന്റെ ഭാഗമായി പുതിയ വെബ് മൊഡ്യൂളുകൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സേവനങ്ങൾ ലഭ്യമാക്കുന്നതിലെ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഫസ്റ്റ് കം ഫസ്റ്റ് സെർവ് എന്ന സംവിധാനം ഒരുക്കിയിട്ടുണ്ടോ; അറിയിക്കുമോ?

## സി.എൻ.ജി. പമ്പുകൾ

3712 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ സി.എൻ.ജി. പമ്പുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; സി.എൻ.ജി. വാഹനങ്ങളുടെ എണ്ണത്തിന്

ആനുപാതികമായ എണ്ണം സി.എൻ.ജി. പമ്പുകൾ സംസ്ഥാനത്ത് നിലവിലില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മതിയായ എണ്ണം സി.എൻ.ജി പമ്പുകളുടെ അഭാവം സി.എൻ.ജി. വാഹനങ്ങൾ ഉള്ള ഓട്ടോഡ്രൈവർമാർ ഉൾപ്പെടെയുള്ള ആളുകളെ പ്രതികൂലമായി ബാധിക്കുന്ന വിഷയം പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(സി) സി.എൻ.ജി. പമ്പുകളുടെ കുറവ് എങ്ങനെ പരിഹരിക്കാനാകും എന്നാണ് സർക്കാർ കരുതുന്നത് എന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(ഡി) പുതിയ സി. എൻ. ജി. പമ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

## ഡ്രൈവിംഗ് ലൈസൻസ്, ആർ.സി. ബുക്കുകൾ തുടങ്ങിയവ ലഭിക്കുന്നതിനുള്ള കാലതാമസം

3713 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ്, ആർ.സി. ബുക്കുകൾ തുടങ്ങിയവ ലഭിക്കുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ;

(സി) നേരത്തെ നൽകിയിരുന്ന ലൈസൻസുകൾ ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകളിൽ ഉണ്ടായിരുന്ന 'ഹാൾമാർക്ക്' പുതുതായി വിതരണം ചെയ്യുന്നവയിൽ ഇല്ലാത്തതുമൂലം വിദേശത്തടക്കം ജോലി തേടുന്ന ഉദ്യോഗാർത്ഥികൾക്ക് വിഷമതകൾ നേരിടുന്നതു പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഈ പ്രശ്നം പരിഹരിക്കുവാൻ സ്വീകരിക്കുക എന്ന് അറിയിക്കാമോ?

## ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള കോച്ചിംഗ് സെന്ററുകൾ

3714 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള കോച്ചിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള എത്ര കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പുകൾ

3715 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്നും ഓരോ വിദ്യാർത്ഥിക്കും നൽകുന്ന തുക

എത്രയാണെന്നും അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) എത്ര പേർ ഈ സ്കോളർഷിപ്പുകൾക്ക് അർഹരാണെന്നും ഈ സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പുകൾ എപ്പോൾ വിതരണം ചെയ്യുമെന്നും എത്ര തുക ഇതിനു വേണ്ടി വരുമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം</u>**

3716 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം അനുവദിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

**<u>പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി</u>**

3717 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയ്ക്കുവേണ്ടി സമർപ്പിച്ചിരിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വർഷവും നിയോജകമണ്ഡലവും തിരിച്ച് വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ പി.എം.ജെ.വി.കെ. പദ്ധതികൾ</u>**

3718 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽ നിന്ന് പി.എം.ജെ.വി.കെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസിൽ ലഭിച്ച പ്രോജക്ട് പ്രൊപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം ലഭിച്ച പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

**<u>മദ്രസ്സ അധ്യാപക ക്ഷേമനിധി</u>**

3719 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസ്സ അധ്യാപക ക്ഷേമനിധി ബോർഡിലേക്ക് കഴിഞ്ഞ ഒമ്പത് വർഷമായി ഗ്രാന്റ് അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോർഡിന് അവസാനമായി ഗ്രാന്റ് നൽകിയതെന്നാണെന്നും തുക എത്രയെന്നും വെളിപ്പെടുത്തുമോ; 2016-ലെ സർക്കാർ വന്നശേഷം ഇതുവരെ

ഇതിനായി ഓരോ വർഷവും അനുവദിച്ച ബജറ്റ് വിഹിതം എത്രയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ട്; അംശദായ ഇനത്തിൽ അംഗങ്ങളിൽ നിന്നും ലഭിക്കുന്ന വരവ് എത്ര; വ്യക്തമാക്കാമോ;

(ഡി) നിലവിൽ പ്രസ്തുത ബോർഡിൽ നിന്നും നൽകി വരുന്ന വിവിധയിനം ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഒരു വർഷം ഇതിനായി എന്ത് തുക ചെലവ് വരുന്നുണ്ട്; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത ബോർഡിലേക്ക് സർക്കാർ ഗ്രാന്റ് എന്നത്തേക്ക് അനുവദിക്കുമെന്ന് വെളിപ്പെടുത്തുമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പിന് അനുവദിച്ച തുക

3720 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ന്യൂനപക്ഷ സ്കോളർഷിപ്പിനായി ഓരോ വർഷവും വകയിരുത്തിയ തുക, കേന്ദ്ര വിഹിതം എന്നിവ എത്രയാണെന്നും അവയിൽ ഓരോ വർഷവും ചെലവഴിച്ച തുക/വിതരണം ചെയ്ത തുക എന്നിവ എത്രയാണെന്നും വിശദമാക്കുമോ?

## ന്യൂനപക്ഷക്ഷേമ വകുപ്പിലെ പദ്ധതികൾ

3721 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറയ്ക്കാനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിലെ പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകളുടെ പ്രവർത്തനം

3722 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നത്; 2016-ന് ശേഷം പുതിയതായി എത്ര കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചുവെന്നും, അവ എവിടെയെല്ലാമാണ് ആരംഭിച്ചതെന്നും വിശദമാക്കുമോ;

(ബി) 2016-ന് ശേഷം ഏതെങ്കിലും ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോച്ചിംഗ് സെന്ററുകളാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സംസ്ഥാനത്തെ വിവിധ ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകളിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിവരം കോച്ചിംഗ് സെന്ററുകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## **പ്രൈമറി വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ കഴിവുകൾ വർദ്ധിപ്പിക്കാൻ പദ്ധതി**

3723 **ഡോ. കെ. ടി. ജലീൽ**
**ശ്രീ വി ജോയി**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈമറി വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ കഴിവുകൾ വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് സ്കൂളുകളിൽ കായികവകുപ്പ് മുഖേന പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) അഞ്ച് വർഷം കൊണ്ട് അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## **ദേശീയ സിവിൽ സർവീസ് മത്സരങ്ങൾ**

3724 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സിവിൽ സർവീസ് മത്സരങ്ങൾക്കായി പരിശീലകൻ, മാനേജർ എന്നിവരെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് നിലവിൽ സർക്കാർ ഉത്തരവുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 2022-23, 2023-24, 2024-25 വർഷങ്ങളിൽ അന്തർദേശീയ സിവിൽ സർവീസ് മത്സരങ്ങളിൽ വിവിധ കായിക ഇനങ്ങളിലായി കേരളത്തെ പ്രതിനിധീകരിച്ച പോയ ഉദ്യോഗസ്ഥരുടെ പേരുവിവരം ലഭ്യമാക്കാമോ;

(സി) നിലവിലെ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഒരു ഉദ്യോഗസ്ഥന് എത്ര തവണ കേരളത്തെ പ്രതിനിധീകരിച്ച് അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കാനാവുമെന്ന് വ്യക്തമാക്കാമോ;

(ഡി) നിർദ്ദിഷ്ട യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥർ കേരള ടീമിന്റെ മാനേജരായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിശോധിക്കുവാൻ സംവിധാനം എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## **പേരാമ്പ്ര മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ**

3725 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 2016 മുതൽ 2025 വരെ എന്തെല്ലാം പദ്ധതികളാണ് കായിക വകുപ്പ് അനുവദിച്ചിട്ടുള്ളതെന്നും അവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലിരിക്കുന്നതെന്നും അവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3726 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ഗ്രാമപ്പഞ്ചായത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം പൊതു കളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് ഒരേക്കർ ഇരുപത്തിയൊൻപത് സെന്റ് ഭൂമി വാങ്ങി നൽകിയിരുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരം വിശദമാക്കാമോ;

(ബി) കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ഗ്രാമപ്പഞ്ചായത്തിൽ സർക്കാർ ഉത്തരവ് നം.232/2024/S&YA പ്രകാരം 19/09/2024-ൽ അനുവദിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരമുള്ള കടപ്ലാമറ്റം ഗ്രാമപ്പഞ്ചായത്ത് സ്റ്റേഡിയത്തിന് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി അമ്പത് ലക്ഷം രൂപ അനുവദിച്ചിരുന്നതിന്മേലുള്ള എസ്റ്റിമേറ്റും ഡി.പി.ആറും കായിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്ക് ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3727 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി പത്തിയൂർ പഞ്ചായത്ത് എച്ച്.എസിൽ നിർമ്മിക്കുന്ന സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദവിവരം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3728 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിൽനിന്നും നിർദ്ദേശിച്ചിട്ടുള്ള വടവുകോട്-പുത്തൻകുരിശ് ഗ്രാമപ്പഞ്ചായത്തുകളിലെ കാളവയൽ ഗ്രൗണ്ടിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രൗണ്ടിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കോഴിക്കോട് നഗരത്തിൽ കായിക പ്രോത്സാഹനത്തിനായുള്ള പദ്ധതികൾ</u>**

3729 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കായിക പ്രോത്സാഹനത്തിന് കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് കൂടുതൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

**<u>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി</u>**

3730 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചോയെന്ന് വിശദമാക്കാമോ?

**<u>മുപ്പത്തിയെട്ടാമത് ദേശീയ ഗെയിംസ്</u>**

3731 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരാഖണ്ഡിൽ വച്ച് നടന്ന മുപ്പത്തിയെട്ടാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഒരു ടീം പരസ്പര ധാരണ പ്രകാരം ഹരിയാനയ്ക്ക് സ്വർണ്ണ മെഡൽ നൽകി വെള്ളി മെഡൽ സ്വീകരിട്ടുണ്ടോ; എങ്കിൽ ഏതു കായിക ഇനത്തിലാണ് ഇപ്രകാരം മെഡൽ സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത കായിക താരങ്ങൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ?

**<u>വാമനപുരം മണ്ഡലത്തിലെ കായികവകുപ്പ് നടത്തുന്ന പ്രവൃത്തികൾ</u>**

3732 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ കായികവകുപ്പിനു കീഴിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഓരോന്നിന്റെയും നിർമ്മാണപുരോഗതി സംബന്ധിച്ച വിവരവും അറിയിക്കുമോ?

**<u>വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>**

3733 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം വിശദമാക്കാമോ?

## ഗ്രാമീണ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

3734 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കായിക വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ക്ലബ്ബുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും കായിക പരിപാടികളുടെ സംഘാടനത്തിനുമായി ധനസഹായം നൽകുന്നതിന് പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിലെ പദ്ധതികൾ

3735 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സ്വകാര്യ സ്ഥലങ്ങൾ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി

3736 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിലെ കളിസ്ഥലങ്ങളുടെ അഭാവംമൂലം പുതുതലമുറയ്ക്ക് കായികക്ഷമത നഷ്ടപ്പെടുകയും അവർ മൊബൈൽ ഗെയിമുകളിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി ഒഴിഞ്ഞു കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കളിസ്ഥലങ്ങൾ തയ്യാറാക്കുമ്പോൾ വനിതകൾക്ക് കൂടി പ്രാപ്യമായ രീതിയിൽ ക്രമീകരിക്കുവാൻ മുൻകൈയെടുക്കുമോ; വ്യക്തമാക്കാമോ?

## കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനം

3737 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എം.വിജിൻ**

**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികമേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പം കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനായി കായിക വകുപ്പിന് കീഴിൽ പ്രത്യേക സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടന്നുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ</u>**

3738 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>**

3739 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിലവാരമുള്ള പരിശീലകരുടെ സേവനം ലഭ്യമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>ഒളിമ്പിക് അസോസിയേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>**

3740 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കായിക വികസനവുമായി ബന്ധപ്പെട്ട് കേരള ഒളിമ്പിക് അസോസിയേഷൻ നിർവ്വഹിക്കുന്ന പങ്ക് എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കായിക വികസനത്തിന് സഹായകമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് അസോസിയേഷൻ നിലവിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(സി) ദേശീയ ഗെയിംസിൽ വിജയം കൈവരിക്കാൻ ശേഷിയുള്ള അത്‌ലറ്റുകളെ വാർത്തെടുക്കുന്നതിൽ കേരള ഒളിമ്പിക് അസോസിയേഷൻ പരാജയപ്പെട്ടു എന്നത് വസ്തുതയാണോ; ഒളിമ്പിക് അസോസിയേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം

3741 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ എം.എൽ.എ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവഹണ ഏജൻസിയായി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ഭേദഗതികൾ വരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

## റോളർ സ്പോർട്സിനുള്ള സൗകര്യങ്ങൾ

3742 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോളർ സ്പോർട്സ് (സ്കേറ്റിംഗ്) മത്സരങ്ങൾക്ക്/പരിശീലനത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി Banked Track & Road Circuit നിർമ്മിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇതിനായി സ്വീകരിച്ച നടപടിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) റോളർ സ്പോർട്സ് പരിശീലനത്തിനായി Banked Track & Road Circuit നിർമ്മിക്കുന്നതിനായി കായിക യുവജന കാര്യാലയം/സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവയുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്രകാരം Banked Track & Road Circuit നിർമ്മിക്കുന്നതിനായി 2025-26 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

## ദേശീയ ഗെയിംസിൽ കേരളത്തിന്റെ പ്രകടനം

3743 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിംപിക്സ് മാതൃകയിൽ ദേശീയ ഗെയിംസ് സംഘടിപ്പിച്ചു തുടങ്ങിയ 1985-ന് ശേഷം കേരളത്തിന്റെ ഏറ്റവും മോശം പ്രകടനമാണ് ഇക്കഴിഞ്ഞ മുപ്പത്തിയെട്ടാമതു ദേശീയ ഗെയിംസിൽ ഉണ്ടായത് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയ ഗെയിംസിൽ കേരളത്തിന്റെ മോശം പ്രകടനത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോയെന്നും ഭാവിയിൽ പ്രകടനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## സ്പോർട്സ് കൗൺസിലിലെ പരിശീലകർ

3744 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സിവിൽ സർവീസ് മത്സരങ്ങൾക്ക് കേരള ടീമിന്റെ പരിശീലകരായി സ്പോർട്സ് കൗൺസിലിൽ നിന്നുള്ള പരിശീലകരെ കോച്ച് ആയി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിലെ രാജാ കേശവദാസ് സിമ്മിംഗ് പൂളിന്റെ പരിശീലകൻ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശീലകനെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(സി) 2024-25 വർഷത്തെ സിവിൽ സർവീസ് മത്സരങ്ങൾ നടത്തിയത് വഴി സ്പോർട്സ് കൗൺസിലുകൾക്ക് എത്ര രൂപ ലഭിച്ചിട്ടുണ്ട്; ഓരോ കായിക ഇനങ്ങൾക്കും ലഭിച്ച തുകയുടെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) 2024-ൽ തൃശ്ശൂർ ജില്ലയിൽ നടന്ന റവന്യൂ ജില്ലാ നീന്തൽ മത്സരങ്ങളുടെ സർട്ടിഫിക്കറ്റും മെഡലും എല്ലാ കായിക താരങ്ങൾക്കും ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## കായിക താരങ്ങൾക്ക് റെയിൽവെ ടിക്കറ്റിൽ കൺസഷൻ

3745 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിൽ ഉൾപ്പെടെയുള്ള ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുവാൻ പോകുന്ന കേരള താരങ്ങൾക്ക് റെയിൽവെ ടിക്കറ്റിൽ നിലവിൽ കൺസഷൻ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുവാൻ പോകുന്ന കായിക താരങ്ങൾക്ക് റെയിൽവേ ടിക്കറ്റിൽ കൺസഷൻ അനുവദിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക

3746 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

**പത്താം ശമ്പള പരിഷ്കരണ കുടിശിക നൽകാൻ നടപടി**

3747 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള പരിഷ്കരണ കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**അണ്ടർ 14 ഗേൾസ് ഫുട്ബോൾ ടീം**

3748 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിലിന് കീഴിൽ മുഖ്യമന്ത്രിയുടെ നൂറ്ദിന പദ്ധതിയിൽ ഉൾപ്പെടുത്തി രൂപീകരിച്ച അണ്ടർ 14 ഗേൾസ് ഫുട്ബോൾ ടീം നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) എറണാകുളം പനമ്പിള്ളി നഗറിലെ കൗൺസിൽ ഹോസ്റ്റലിൽ പ്രാക്ടീസ് ചെയ്തിരുന്നതും നിരവധി നേട്ടങ്ങൾ കൈവരിച്ചതുമായ പ്രസ്തുത ടീമിലെ അഞ്ച് താരങ്ങളെ പത്തനംതിട്ടയിലേക്ക് ട്രാൻസ്ഫർ ചെയ്തതിനെതിരെ താരങ്ങൾ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത താരങ്ങളെ തിരികെ എറണാകുളത്തേക്ക് തന്നെ ട്രാൻസ്ഫർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം**

3749 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കായികമേഖലയിൽ പ്രധാന പങ്കു വഹിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എൻ.ഐ.എസ്. ഡിപ്ലോമ നേടിയ പരിശീലകർ വിരമിക്കുമ്പോൾ പകരം പുതിയ പരിശീലകരെ നിയമിക്കാറുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

**കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം**

3750 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ 1.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലച്ചിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുനരാരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത സ്റ്റേഡിയം എന്നത്തേയ്ക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

3751 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഒരു കോടി രൂപ വിനിയോഗിച്ച് ഭരണിക്കാവ് ഗവ.എൽ.പി.എസിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെയും എൺപത് ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന കണ്ടല്ലൂർ ഇൻഡോർ സ്റ്റേഡിയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) നിലവിൽ ഭരണാനുമതി ലഭിച്ച തുക വിനിയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ സ്റ്റേഡിയം നിർമ്മാണം

3752 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം

3753 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തി നിർമ്മാണം ആരംഭിച്ച മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുനരാരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഡിയം എന്നത്തേയ്ക്ക് തുറന്നുനൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

## കാട്ടാക്കട പഞ്ചായത്തിലെ അമ്പലത്തിൻകാല സ്റ്റേഡിയത്തിന്റെ നവീകരണം

3754 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് കാട്ടാക്കട പഞ്ചായത്തിലെ അമ്പലത്തിൻകാല സ്റ്റേഡിയം നവീകരിക്കുന്നതിന്റെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത നിർമ്മാണ പ്രവർത്തനം എത്രയും വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**ഒറ്റപ്പാലം ഭിന്നശേഷി സൗഹൃദ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി**

3755 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതും സ്പോർട്ട്സ് ആൻഡ് യൂത്ത് അഫയേഴ്സ് വകുപ്പിന് നിർവ്വഹണ ചുമതല നൽകിയിട്ടുള്ളതുമായ ഒറ്റപ്പാലം ഭിന്നശേഷി സൗഹൃദ സ്റ്റേഡിയ നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസമെടുക്കുന്നത് എന്തുകൊണ്ടാണ്; പ്രസ്തുത പ്രവൃത്തി ത്വരിതഗതിയിൽ ആരംഭിക്കാൻ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

**കളിസ്ഥലങ്ങളുടെ നിർമ്മാണം**

3756 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെ ക്ഷാമം മൂലം സംസ്ഥാനത്ത് കളിസ്ഥലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

**കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി**

3757 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**പട്ടാമ്പി ഗവൺമെന്റ് കോളേജിന് അനുവദിച്ച സ്റ്റേഡിയം**

3758 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ഗവൺമെന്റ് കോളേജിന് അനുവദിച്ച സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

**ഹജ്ജ് തീർത്ഥാടനത്തിനായുള്ള മുന്നൊരുക്കങ്ങൾ**

3759 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷത്തെ ഹജ്ജ് തീർഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് കമ്മിറ്റി ആസ്ഥാനത്ത് നിലവിൽ ഹാജിമാർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഹജ്ജ് കമ്മിറ്റി ആസ്ഥാനത്ത് വനിതാ ബ്ലോക്കിനായി എത്ര ചതുരശ്ര അടിയുള്ള ബിൽഡിംഗാണ് നിർമ്മിച്ചിട്ടുള്ളതെന്നും ഇതിനുവേണ്ടി ഇതിനകം എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി ടെൻഡർ വിളിച്ചിരുന്നോയെന്നും ഇതിന്റെ പ്രവൃത്തി ആരാണ് നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ ബിൽഡിംഗ് നിർമ്മാണത്തിന് വേണ്ടി സംസ്ഥാന സർക്കാരിൽ നിന്നോ കേന്ദ്ര-സംസ്ഥാന ഹജ്ജ് കമ്മിറ്റിയിൽ നിന്നോ വിഹിതം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഓരോരുത്തരും നൽകിയ വിഹിതത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) കരിപ്പൂർ വിമാനത്താവളം വഴി യാത്ര ചെയ്യുന്ന ഹാജിമാർക്ക് കേരളത്തിലെ മറ്റ് എംബാർക്കേഷൻ സെന്ററിൽ നിന്ന് യാത്ര ചെയ്യുന്ന ഹാജിമാരെക്കാളും എത്ര രൂപ അധികം നൽകേണ്ടതായി വരുന്നു; ഇത് കുറയ്ക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

**സിൽവർ ലൈൻ പദ്ധതി**

3760 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പാതയുടെ നിർമ്മിതി മൂലം എത്ര പേരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ടോ. വിശദമാക്കാമോ;

(ബി) സിൽവർ ലൈൻ പദ്ധതിമൂലം മുറിച്ചു മാറ്റപ്പെടുന്ന വൃക്ഷലതാദികളിൽ ഉൾപ്പെടുന്ന ഗ്രീനറി നഷ്ടവും ഇതുമൂലം ഉണ്ടാകുന്ന കാർബൺ സിങ്കും കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കണക്ക് വ്യക്തമാക്കുമോ.;

(സി) സിൽവർ ലൈൻ റെയിൽപ്പാതയുടെ ഏറ്റവും പുതിയ അലൈൻമെന്റ് എന്നാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന്റെ ഹാർഡ് കോപ്പി ജില്ല തിരിച്ച് ലഭ്യമാക്കുമോ?

## എറണാകുളം ലോക്കോഷെഡിന്റെ നിലവിലെ സ്ഥിതി

3761 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1981-ൽ എറണാകുളത്ത് സ്ഥാപിതമായ ലോക്കോഷെഡിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) 2021-ൽ 5 ഇലക്ട്രിക് ഉൾപ്പെടെ 72 ലോക്കോമോട്ടീവ് വരെ പരിപാലിച്ച് വന്നിരുന്ന പ്രസ്തുത ഷെഡിൽ നിന്നും ലോക്കോമോട്ടീവുകൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഭാഗമായി ലോക്കോഷെഡിലെ തൊഴിലാളികളെ ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിലേക്ക് ഗുഡ്സ്/ഷണ്ടിങ് ആവശ്യത്തിലേക്ക് ദിനംപ്രതി ലോക്കോമോട്ടീവുകൾ നല്കിവരുന്നതും പ്രസ്തുത ഡിവിഷനുകളിലെ ഇൻസ്പെക്ഷൻ കാർ (ടവർ വാഗൺസ്) പരിപാലിക്കുന്നതുമായ ലോക്കോഷെഡ് ഷിഫ്റ്റ് ചെയ്യാതെ എറണാകുളത്ത് തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സിൽവർ ലൈനിന്റെ അലൈൻമെന്റ്

3762 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈനിന്റെ ഡി.പി.ആറിനൊപ്പം സമർപ്പിച്ചിട്ടുള്ള സിൽവർ ലൈൻ അലൈൻമെൻറ് 2020-ന ശേഷം പുതുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) സിൽവർ ലൈനിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തണമെന്നും സ്റ്റാൻഡേർഡ് ഗേജിനു പകരം ബ്രോഡ്ഗേജ് പാത നിർമ്മിക്കണമെന്നും കേന്ദ്ര സർക്കാർ/ റെയിൽവെ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് കത്തുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പും, അതിന് സർക്കാർ മറുപടി നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) അലൈൻമെൻറ് പ്രകാരം സിൽവർ ലൈൻ എത്ര നദികളുടെയും, കായലുകളുടെയും, തോടുകളുടേയും, അരുവികൾ ഉൾപ്പടെയുള്ള നീർച്ചാലുകളുടെയും, ശുദ്ധജല തടാകങ്ങളുടേയും മുകളിൽ കൂടി കടന്നുപോകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവയുടെ ഇനം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ഇ) സിൽവർ ലൈൻ എത്ര ഗ്രാമീണ റോഡുകളുടെയും, മറ്റ് ഗ്രാമീണ നടപ്പാതകളുടെയും മുകളിൽ കൂടി കടന്നുപോകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമൊ;

(എഫ്) സിൽവർ ലൈൻ എത്ര ദൈർഘ്യത്തിലുള്ള നെൽപ്പാടങ്ങൾ, ചതുപ്പുനിലങ്ങൾ, കണ്ടൽക്കാടുകൾ എന്നിവയുടെ മുകളിൽ കൂടി കടന്നുപോകുമെന്ന്

കണക്കാക്കിയിട്ടുണ്ടോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(ജി) സിൽവർ ലൈൻ ഏതെല്ലാം പൈതൃക-സംരക്ഷിത പ്രദേശങ്ങൾ, പക്ഷിസങ്കേതങ്ങൾ എന്നിവയുടെ മുകളിൽ കൂടി കടന്നുപോകുമെന്ന് വ്യക്തമാക്കുമോ?

## കെ-റെയിൽ ലിമിറ്റഡിന്റെ പ്രവർത്തനം

3763 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ ലിമിറ്റഡിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; അവരുടെ പേര്, തസ്തിക, വിദ്യാഭ്യാസ യോഗ്യത, സ്ഥിര ജീവനക്കാരാണോ, താല്ക്കാലിക ജീവനക്കാരാണോ, ശമ്പളം, എത്ര വർഷമായി കെ-റെയിലിൽ ജോലി ചെയ്യുന്നു എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) കെ-റെയിൽ ആരംഭിച്ചതുമുതൽ നാളിതുവരെ ഏതൊക്കെ സർക്കാർ/അർദ്ധ സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ കൺസൾട്ടൻസി കരാറുകൾ ചെയ്തിട്ടുണ്ട് എന്നതിന്റെ (കരാറിന്റെ തുക, തീയതി, സ്ഥാപനത്തിന്റെ പേര് എന്നിവ ഉൾപ്പെടെ) വിശദാംശം നൽകാമോ; പ്രസ്തുത കരാറുകളിൽ അല്ലാതെ മറ്റേതെങ്കിലും കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) കെ-റെയിലിന്റെ പ്രവർത്തന ലാഭം എത്രയെന്നും നഷ്ടത്തിലാണെങ്കിൽ പ്രതിവർഷ നഷ്ടം എത്രയെന്നും വ്യക്തമാക്കാമോ?

## സിൽവർ ലൈൻ പദ്ധതിയ്ക്കായി നടത്തിയ പഠനങ്ങൾ

3764 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കാസർഗോഡ് സിൽവർ ലൈൻ പദ്ധതിക്ക വേണ്ടി ഗതാഗത സർവ്വേ, ടോപ്പോഗ്രാഫിക്കൽ സർവ്വേ, ജിയോഗ്രാഫിക്കൽ സർവ്വേ, ജിയോടെക്നിക്കൽ സർവ്വേ, ഹൈഡ്രോളജിക്കൽ സർവ്വേ, സോഷ്യൽ ഇംപാക്ട് സർവ്വേ, എൻവിയോൺമെന്റ് ഇംപാക്ട് സർവ്വേ (റാപ്പിഡ് എൻവിയോൺമെന്റ് സ്റ്റഡി അല്ലാതെ) എന്നിവ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പഠനങ്ങൾ നടത്തിയ ഏജൻസികളുടെ പേരും, ഓരോ പഠനവും പൂർത്തിയാക്കി റിപ്പോർട്ട് നൽകിയ തീയതിയും, ഓരോ പഠനത്തിനും നല്കിയിരുന്ന തുകയും വ്യക്തമാക്കാമോ; ഇവയുടെ സർവ്വെ/പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ടോപ്പോഗ്രാഫിക്കൽ സർവ്വെയും അനുബന്ധമായിട്ടുള്ള അലൈൻമെന്റ് മാപ്പും ഭൂതലത്തിലെ പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(ഡി) ജിയോഗ്രാഫിക്കൽ -ജിയോ ടെക്നിക്കൽ - ഹൈഡ്രോളജിക്കൽ സർവ്വേകൾ നിർദ്ദിഷ്ട അലൈൻമെന്റിൽ പറയുന്ന ഭൂതലത്തിൽ (ലിഡാർ രീതിയിലല്ലാതെ) നേരിട്ട് നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(ഇ) ടോപ്പോഗ്രഫിക്കൽ സർവ്വേ, ജിയോഗ്രഫിക്കൽ സർവ്വേ, ജിയോ ടെക്നിക്കൽ സർവ്വേ, ഹൈഡ്രോളജിക്കൽ സർവ്വേ എന്നീ പഠനങ്ങൾ പദ്ധതി കടന്നുപോകുന്ന പതിനൊന്നു ജില്ലകളിലും നടത്തിയിട്ടുണ്ടോയെന്നും, ഓരോ ജില്ലകളിലും എത്രയിടങ്ങളിൽ വീതം നടത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന പദ്ധതികൾ**

3765 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് വഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**വിഷപ്പുല്ല് തിന്ന് കന്നുകാലികൾ ചത്തുപോകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി**

3766 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷപ്പുല്ല് തിന്ന് കന്നുകാലികൾ ചത്തുപോകുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ക്ഷീരകർഷകർ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സാഹചര്യം ഒഴിവാക്കാൻ ക്ഷീരകർഷകർക്ക് നിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കന്നുകാലികൾ വിഷപ്പുല്ല് തിന്ന് ചത്തുപോകുന്ന സാഹചര്യങ്ങളിൽ ഭീമമായ നഷ്ടം നേരിടുന്ന ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിനായി പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ, ക്ഷീരവികസന പദ്ധതികൾ**

3767 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ?

**ഫാം എയ്ഡ് പാക്കേജ് പദ്ധതി**

3768 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ഫാം എയ്ഡ് പാക്കേജ് പദ്ധതി വഴി എത്ര രൂപയുടെ ധനസഹായമാണ് പശുഫാമിന് നൽകുന്നത്; വ്യക്തമാക്കാമോ?

## താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

3769 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

## ഇറച്ചി, മുട്ട ഉൽപാദനം വർധിപ്പിക്കാൻ പദ്ധതി

3770 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചി, മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പോൾട്രി കോർപ്പറേഷൻ മുഖേന എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

## കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

3771 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്കായി സംസ്ഥാന സർക്കാർ നടപ്പാക്കിയ കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ എത്ര കന്നുകാലികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) എത്ര ശതമാനം സബ്സിഡിയാണ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഈ പദ്ധതിയിലൂടെ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

## കൊടുങ്ങല്ലൂർ മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ

3772 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ എവിടെയൊക്കെയാണ് നിലവിൽ പ്രവർത്തിച്ചുവരുന്നതെന്നും എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത ക്ലിനിക്കുകളിൽ നിന്നും ലഭിക്കുന്നതെന്നും അറിയിക്കാമോ?

## പേവിഷ പ്രതിരോധ നടപടികൾ

3773 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരുവുനായകളിൽ പേവിഷബാധ വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗവ്യാപനം നിയന്ത്രണ വിധേയമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വളർത്തുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെപ്പ് നിർബന്ധിതമാക്കിയിട്ടുണ്ടോ; നായ്ക്കൾക്കു പേവിഷ പ്രതിരോധ കുത്തിവെപ്പ് എടുക്കാതെ വളർത്തുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) വളർത്തുനായ്ക്കൾക്ക് നിർബന്ധിതമായി പേവിഷ പ്രതിരോധ കുത്തിവെപ്പ് എടുക്കുന്നതിനായി മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ഇ) മൃഗങ്ങൾക്കുള്ള പേവിഷ പ്രതിരോധ വാക്സിനും അനുബന്ധ സൗകര്യങ്ങളും എല്ലാ മൃഗാശുപത്രികളിലും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## നായകൾക്കും പൂച്ചകൾക്കും പേവിഷപ്രതിരോധ കുത്തിവയ്പുകൾ

3774 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി യു പ്രതിഭ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുനായകൾക്കും പൂച്ചകൾക്കും പേവിഷപ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തെരുവുനായശല്യം രൂക്ഷമായി വരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; തെരുവുനായ്ക്കൾക്കും പേവിഷ പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസ്-ന്റെ കീഴിൽ പേവിഷ പ്രതിരോധ ആന്റിബോഡി നിർണയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; മറ്റെന്തെല്ലാം സൗകര്യങ്ങളാണ് അവിടെ ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ?

## മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെ സേവനം

3775 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെ സേവനം ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ മൊബൈൽ വെറ്റിനറി യൂണിറ്റിന്റെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ബഡ്ജറ്റ് വിഹിതം

3776 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബഡ്ജറ്റിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ-യ്ക്ക് എന്ത് തുക വകയിരുത്തിയിരുന്നു എന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2025-26-ലെ ബഡ്ജറ്റിൽ പ്രസ്തുത സ്ഥാപനത്തിന് എന്ത് തുക വകയിരുത്തിയിട്ടുണ്ട്; ഏതെല്ലാം രീതിയിലാണ് പ്രസ്തുത തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ വരുംവർഷങ്ങളിൽ എന്തെല്ലാം വികസനപദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ

3777 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ വില്പനയിലൂടെ ദൈനംദിന വരുമാനം കണ്ടെത്തുന്ന നിരവധി കുടുംബങ്ങൾ വനയോര മേഖലയിലുൾപ്പെടെ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പാലിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ക്ഷീര ഗ്രാമം പദ്ധതി

3778 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ന് ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എവിടെയൊക്കെ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

3779 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസനവകുപ്പ് മുഖേന ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

## ക്ഷീരഗ്രാമം പദ്ധതിയിൽ പയ്യന്നൂർ മണ്ഡലം

3780 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ ഉത്പാദനം നടത്തുന്ന ബ്ലോക്ക് പഞ്ചായത്ത് ഏതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ പാൽ ഉത്പാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ആദ്യ പതിനഞ്ച് ഗ്രാമ പഞ്ചായത്തുകൾ ഏതൊക്കെയെന്നും അവയുടെ വാർഷിക ഉത്പാദനം എത്ര ലിറ്റർ വീതമാണെന്നും വിശദമാക്കാമോ;

(സി) ക്ഷീരഗ്രാമം പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

3781 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കോതമംഗലം ബ്ലോക്കിൽ ഒരു ക്ഷീരവികസന സർവ്വീസ് യൂണിറ്റ് കൂടി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന

3782 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഭക്ഷ്യസുരക്ഷാ നിയമപ്രകാരം പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാര പരിശോധനയും തുടർനടപടികളും സ്വീകരിക്കുന്നതിന് അധികാരം നൽകി ഉത്തരവാക്കുന്നത് സംബന്ധിച്ച് 01.07.2024 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത യോഗതീരുമാനങ്ങൾ സംബന്ധിച്ച നടപടി ഫയലിന്റെ നമ്പറും നോട്ട്ഫയൽ പകർപ്പും ലഭ്യമാക്കുമോ;

(ബി) ക്ഷീരവികസന വകുപ്പിന്റെ പാൽപരിശോധനാ ചെക്ക്പോസ്റ്റുകളിൽ നിലവിൽ പാൽപരിശോധന നടത്തുന്നുണ്ടോ; 2024 വർഷത്തിൽ എത്ര സാമ്പിളുകൾ പരിശോധിച്ചു; എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) പാൽ പരിശോധനയും ഗുണനിലവാരവും ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട് ക്ഷീരവികസന വകുപ്പിൽ എത്ര ഉദ്യോഗസ്ഥർ ഏതൊക്കെ തസ്തികകളിൽ ജോലിചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് അലവൻസുകളുമായി 2023-24 വർഷത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ

3783 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപ്പാദനം വർധിപ്പിക്കുന്നതിനും ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനും സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2011 മുതൽ 2025 വരെയുള്ള കാലയളവിലെ പ്രതിവർഷ പാൽ ഉൽപ്പാദനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

## ക്ഷീരകർഷകന് നഷ്ടപരിഹാരം നൽകാൻ നടപടി

3784 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായിയിൽ പ്രവർത്തിക്കുന്ന പള്ളിപ്പുറം ക്ഷീരോൽപാദക സഹകരണ സംഘത്തിലെ സി-154 നമ്പർ അംഗമായ നായരമ്പലം പഞ്ചായത്തിലെ മംഗലപ്പിള്ളി വീട്ടിൽ തങ്കപ്പന്റെ പശുവും കിടാവുകളും ചത്തതിന് നഷ്ടപരിഹാരമായി ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) 25 വർഷത്തിലധികമായി ക്ഷീരകർഷകനായി പ്രവർത്തിക്കുന്ന 85 വയസുള്ള ടിയാന് അർഹിക്കുന്ന ആനുകൂല്യം ലഭിക്കുന്നതിനായി 21.10.2024 ന് എം.എൽ.എ. മുഖാന്തിരം സമർപ്പിക്കുകയും റിപ്പോർട്ടിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുള്ള പരാതിയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

3785 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുവെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്നും വിശദമാക്കാമോ?

## വെറ്ററിനറി കോളേജുകൾ

3786 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വെറ്ററിനറി കോളേജുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതിയ വെറ്ററിനറി കോളേജുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കുമോ?

## സിദ്ധാർത്ഥിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം

3787 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുസാറ്റിൽ എഞ്ചിനീയറിങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന ഗാനസന്ധ്യയിലെ തിരക്കിൽപ്പെട്ട് മരണപ്പെട്ട നാല് വിദ്യാർത്ഥികളുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചതിന് സമാനമായി പൂക്കോട് വെറ്ററിനറി കോളേജിൽ റാഗിംഗിനെത്തുടർന്ന് മരണപ്പെട്ട ജെ.എസ്.

സിദ്ധാർത്ഥിന്റെ കുടുംബത്തിന് സാമ്പത്തികസഹായം നൽകിയോ എന്ന് വിശദമാക്കാമോ?

## തിരുവിഴാംകുന്ന് കോളേജ് ഓഫ് എവിയൻ സയൻസ്

3788 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ തിരുവിഴാംകുന്ന് കോളേജ് ഓഫ് എവിയൻ സയൻസിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(ബി) കോളേജ് ഓഫ് എവിയൻ സയൻസിൽ അടുത്ത സാമ്പത്തിക വർഷം നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
04-03-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].